بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 8

ലക്കം 28

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂലായ് 13/ ഹി.ശം 1402 വഫാ 13/ ഹി:ഖ 1444 ദുൽഹജ്ജ് 24

## അല്ലാഹുവിന്റെ വചനം

وَ لَا تَجۡعَلۡ مَعَ اللّٰہِ اِلٰـہًا اٰخَرَ فَتُلۡقٰی فِیۡ جَہَنَّمَ مَلُوۡمًا مَّدۡحُوۡرًا

‘അല്ലാഹുവിനോടൊപ്പം നീ മറ്റൊരു ആരാധ്യനേയും കൽപിച്ചുവെക്കരുത്. അങ്ങനെ ചെയ്യുന്നതായാൽ നീ ആക്ഷേപിക്കപ്പെട്ടവനും വിരട്ടപ്പെട്ടവനുമായി നരകത്തിൽ എറിയപ്പെടുന്നതാണ്.’

(വിശുദ്ധ ഖുർആൻ 17:40)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### സൃഷ്ടികളോടുള്ള കടമകളുടെ പ്രാധാന്യം

(2298). ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനിയുടെ അടുത്ത് ഒരു ജനാസ കൊണ്ടുവന്നു. കടംവീട്ടാത്ത ആരുടെയെങ്കിലും ജനാസ കൊണ്ടുവന്നാൽ അവിടന്ന് ചോദിക്കുമായിരുന്നു, ഇയാൾ കടം വീട്ടാനുള്ള ധനം വിട്ടിട്ടുണ്ടോ? അതേ എന്ന് ആളുകൾ പറഞ്ഞാൽ നബി (സ)തിരുമേനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുമായിരുന്നു. ഇല്ലെങ്കിൽ മുസ്‌ലിമീങ്ങളോടുനിങ്ങൾ നിങ്ങളുടെ കൂട്ടുകാരന്റെ ജനാസ നമസ്കരിക്കുക എന്നു പറയുമായിരുന്നു. അല്ലാഹു നബി(സ)തിരുമേനിക്ക് വിജയങ്ങൾ നല്കിയപ്പോൾ അവിടന്ന് പറഞ്ഞു:ഞാൻ മുസ്‌ലിമീങ്ങളുടെ(അവരുടെ ബന്ധുക്കളെക്കാൾ) കൂടുതൽ അടുത്തവനാണ്. അതുകൊണ്ട് മുഅ്മിനീങ്ങളിൽനിന്ന് കടം വീട്ടാനുള്ള ആരെങ്കിലും വഫാത്തായാൽ, അതു വീട്ടേണ്ടത് എന്റെ ചുമതലയാണ്. ആരെങ്കിലും സ്വത്ത് ഉപേക്ഷിച്ചുപോയാൽ അത് അയാളുടെ അനന്തരാവകാശികളുടേതാണ്.

ഹദ്റത്ത് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്(റ) ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു:കർമശാസ്ത്ര പണ്ഡിതന്മാർ ഇതുസംബന്ധമായി ഇങ്ങനെ ചോദ്യം ഉന്നയിച്ചിരിക്കുന്നു. കടമുള്ളവരുടെ ജനാസ നമസ്കരിക്കാതിരിക്കുക എന്നത് നിരോധനമെന്ന നിലയിലാണോ അതോ ശിക്ഷ എന്ന നിലയിലാണോ? ഇത് ആളുകൾക്ക് സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിന്റെ ചിന്ത ഉണ്ടാകാനും അത് നിസ്സാരമായി മനസ്സിലാക്കാതിരിക്കാനും വേണ്ടിയാണ്.(ഉംദത്തുൽ ഖാരി, ഭാഗം 12, പേജ് 126). എന്നാൽ, കടം വീട്ടാനുള്ളവന്റെ ജനാസ നമസ്കരിക്കുന്നത് നിഷിദ്ധമായിരുന്നെങ്കിൽ സ്വഹാബത്തിനോടു നിങ്ങൾ നമസ്കരിക്കുക എന്ന് പറയുമായിരുന്നില്ല. ഇതിൽനിന്ന് പ്രകടമാകുന്നത് ഈ രീതി നിഷിദ്ധമല്ല പ്രത്യുത ശിക്ഷാപരമാണെന്നാണ്.(സ്വഹീഹുൽബുഖാരി, വാള്യം 4, കിതാബുൽ കഫാല, പ്രസാധനം 2008 ഖാദിയാൻ)

നബിയുടെ തബ്ത്തുൽ ഇലല്ലാഹ് അല്ലാഹുവുമായി അദ്ദേഹം സംസാരിക്കുന്നത്ര പരിധിവരെ എത്തിയിരിക്കുന്നു.സ്വിദ്ദീഖ് സത്യസന്ധതയുടെ സകല വഴികളിലൂടേയും സ്നേഹിക്കുന്നു. സത്യസന്ധതന്നെ ആഗ്രഹിക്കുകയും ചെയ്യുന്നു.ശഹീദ് ഈമാനിന്റെ ശക്തിയുള്ള മനുഷ്യനാണ്. അവന് അല്ലാഹുവിന്റെ വഴിയിൽ ജീവൻ വെടിയാനും മടിയില്ല.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീമ(അൽഫാത്തിഹ:6)എന്നതിൽ അൻഅംത അലയ്ഹിം ആളുകളുടെ വഴി ചോദിക്കപ്പെട്ടിരിക്കുകയാണ്. ഞാൻ പല പ്രാവശ്യവും ഇക്കാര്യം വിവരിച്ചിട്ടുള്ളതാണ്. അൻഅംത അലയ്ഹിം എന്നതിൽ നാലു സംഘക്കാരെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. നബി, സിദ്ദീഖ്, ശഹീദ്, സ്വാലിഹ്. ഒരു മുഅ്മിൻ ഈ ദുആ ചെയ്യുമ്പോൾ അവരുടെ സൽസ്വഭാവങ്ങൾക്കും ശീലങ്ങൾക്കും അറിവുകൾക്കുംവേണ്ടി അപേക്ഷിക്കുകയാണ്. ഇതിൽ പറഞ്ഞിട്ടുള്ള ആ നാലു സംഘങ്ങളുടെ സൽസ്വഭാവങ്ങൾ കരസ്ഥമാക്കുന്നില്ലെങ്കിൽ ഈ ദുആ അവന് നിഷ്ഫലമായിരിക്കും. അവൻ ജീവനില്ലാത്ത വാക്കു പറയുന്ന മൃഗമാണ്. അല്ലാഹുവിന്റെ ഉന്നതമായ അറിവുകളും മഹത്തായ നിലകളും കരസ്ഥമാക്കിയവരുടെ സംഘങ്ങളാണ് അക്കൂട്ടർ. നബിയുടെ തബ്ത്തുൽ ഇലല്ലാഹ് അല്ലാഹുവുമായി അദ്ദേഹം സംസാരിക്കുന്നത്ര പരിധിവരെ എത്തിയിരിക്കുന്നു;വഹ്‌യ് പ്രാപിക്കുന്നു. സത്യസന്ധതയോടെ സ്നേഹിക്കുന്നവനാണ് സിദ്ദീഖ്. ഏറ്റവും വലിയ സത്യസന്ധത ലാ ഇലാഹ ഇല്ലല്ലായാണ്. പിന്നീട് രണ്ടാമത്തെ സത്യസന്ധത മുഹമ്മദുർറസൂലുല്ലായാണ്. അവൻ സത്യസന്ധതയുടെ സകല വഴികളിലൂടേയും സ്നേഹിക്കുന്നു. സത്യസന്ധതന്നെ ആഗ്രഹിക്കുകയും ചെയ്യുന്നു. മൂന്നാമത്തെയാളുകൾ ശഹീദ് എന്ന് പറയപ്പെടുന്നവരാണ്. അതായത് അവർ അല്ലാഹുവിനെ കാണുന്നു. ഏതെങ്കിലും വഴക്കിലോ മഹാമാരിയിലോ വധിക്കപ്പെടുന്നവർ മാത്രമല്ല ശഹീദ്. പ്രത്യുത ശഹീദ് ഈമാനിന്റെ ശക്തിയുള്ള മനുഷ്യനാണ്. അവന് അല്ലാഹുവിന്റെ വഴിയിൽ ജീവൻ വെടിയാനും മടിയില്ല. സ്വാലിഹീനിന്റെ ഉള്ളിൽനിന്ന് എല്ലാ തരത്തിലുള്ള കുഴപ്പങ്ങളും പമ്പ കടക്കുന്നു. ആരോഗ്യവാനായിരിക്കുന്നവന്റെ നാവിലെ രുചിയും നല്ലതായിരിക്കുന്നതുപോലെ. കൂടുതലും കുറവുമില്ലാത്ത അവസ്ഥയിലാണ് ആരോഗ്യവാനെന്ന് പറയുന്നത്. ഒരു തരത്തിലുള്ള കുഴപ്പവും ഉള്ളിലിരിക്കുകയില്ല. ഇതേ പ്രകാരം സ്വാലിഹീനിന്റെ ഉള്ളിൽ ഒരു തരത്തിലുള്ള ആത്മീയരോഗവുമുണ്ടായിരിക്കുകയില്ല. കുഴപ്പത്തിന്റെ ഒരു ബീജവുമുണ്ടായിരിക്കുകയില്ല. തന്റെ ആത്മാവിൽ നിഷേധത്തിന്റെ നേരത്താണ് അതിന്റെ ശ്രേഷ്ഠത. ശഹീദ്, സിദ്ദീഖ്, നബിയുടെ ശ്രേഷ്ഠത തികച്ചും പ്രമാണപരമാണ്. അല്ലാഹുവിനെ കാണുന്നതുപോലെ ശഹീദ് ഈമാനിനെ ശക്തിപ്പെടുത്തുന്നു. സ്വിദ്ദീഖ് കർമപരമായ നിലയിൽ സത്യസന്ധമായി സ്നേഹിക്കുന്നു. കളവിൽനിന്ന് പഥ്യം ആചരിക്കുന്നു. നബിയുടെ ശ്രേഷ്ഠത ദൈവികമേലാടയുടെ കീഴിൽ വരുന്നു എന്നതാണ്. ഈ ശ്രേഷ്ഠത മറ്റാർക്കും കരസ്ഥമാക്കാൻ പറ്റുകയില്ലെന്ന് ചിലർ പറയാറുണ്ട്. ബാഹ്യമായ നിലയിൽ കലിമ ചൊല്ലുക, നമസ്കാരം നോമ്പ് തുടങ്ങിയ കല്പനകൾ പാലിക്കുക, അതിനെക്കാൾ കുടൂതൽ ഈ കൽപനകളുടെ ഫലങ്ങളും നേട്ടങ്ങളും ഒന്നുമില്ലെന്ന് മൗലവി അല്ലെങ്കിൽ ഉലമാ പറയുന്നു;അവയിലൊരു യാഥാർഥ്യവുമില്ലത്രെ! ഇതു വളരെവലിയ തെറ്റാണ്. വിശ്വാസപരമായ ബലഹീനതയാണ്. അവർ രിസാലത്തിന്റെ(പ്രവാചകത്വം)ഉദ്ദേശ്യം മനസ്സിലാക്കിയില്ല.(മൽഫൂദാത്ത് വാള്യം 1, പേജ് 465, പ്രസാധനം 2018 ഖാദിയാൻ)

മുശ്‌രിക്കീങ്ങളിൽപ്പെട്ട ആർക്കും തങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നു എന്ന വാദമില്ല. ഇന്നുവരെ ലോകത്ത് തനിക്ക് ഈ ബിംബങ്ങൾ മുഖേന ദൈവത്തെ കിട്ടി എന്ന് ആരും വാദിച്ചിട്ടില്ല. അവൻ തന്റെ ദുആ കേൾക്കുന്നുവെന്നും സ്വീകരിക്കുന്നുവെന്നും ലോകം തന്റെ ദുആ സ്വീകാരത്തിന്റെ അടയാളം കണ്ടുവെന്നുമുള്ള വാദവുമില്ല.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) സൂറ ബനീ ഇസ്റാഈലിലെ 43-ാമത്തെ വചനമായ *ഖുൽ ല്ലൗകാന മഅഹൂ ആലിഹത്തുൻ കമാ യഖൂലൂന ഇദൻല്ലബ്ത്തഗൂ ഇലാ ദിൽഅർശി സബീലൻ* (പറയുക, അവന്റെ കൂടെ അവർ പറയുന്നതുപോലെ മറ്റു ദൈവങ്ങളുണ്ടായിരുന്നെങ്കിൽ സിംഹാസന നാഥന്റെയടുക്കൽ അവർ ഒരു മാർഗം തേടിപിടിക്കുമായിരുന്നു)എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ശിർക്ക് അഥവാ അന്യാരാധനയുടെ വിഷയം വീണ്ടും വിവരിക്കുകയാണ്. പക്ഷേ, ഇതിലൊരു പുതിയ തെളിവ് സമർപിച്ചിരിക്കുന്നു. വെറുതെയങ്ങ് ആദ്യത്തെ കാര്യം ആവർത്തിച്ചിട്ടില്ല. പറയുന്നു: അന്യാരാധന ശരിയായിരുന്നെങ്കിൽ അന്യാരാധകർ ദൈവത്തിന്റെ സവിധത്തിലെത്തിയവർ ആയിരിക്കുമായിരുന്നില്ലേ? ഇദൻല്ലബ്ത്തഗൂ ഇലാ ദിൽഅർശി സബീലൻ എന്നതിന്റെ അർഥം ശിർക്ക് ശരിയായിരുന്നെങ്കിൽ മുശ്‌രിക്കീങ്ങൾ അർശുടയവനുമായി എന്തെങ്കിലും ബന്ധം ഉണ്ടാക്കിയെടുക്കുമായിരുന്നുവെന്നാണം. കാരണം അവന്റെ പെൺമക്കളോടും ആൺമക്കളോടും ബന്ധമുണ്ടാക്കി അവർക്ക് സാമീപ്യത്തിന്റെ വഴികൾ തുറക്കേണ്ടതായിരുന്നു.

മറ്റൊരു സ്ഥലത്ത് വിശുദ്ധ ഖുർആനിൽ മുശ്‌രിക്കീങ്ങളുടെ വാദംതന്നെ വിവരിച്ചിരിക്കുന്നു. അവരും ഇതേ ഉദ്ദേശ്യത്തോടെ അതായത് ‘ദൈവ സാമീപ്യത്തിന്’അവയെ ആരാധി

(ശേഷം പേജ് 12 ൽ)

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 ജൂണ് 09 (സമ്പൂർണ തർജമ)

ഹുസൂർ തിരുമനസ്സിന്റെ യൂറോപ്യൻ പര്യടനം

മനുഷ്യന്റെ മൂന്നവസ്ഥകൾ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

മക്കയിലെ അവിശ്വാസികൾ മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്യാൻ കൃത്രിമമായ കാരണം അന്വേഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. സാർഥവാഹകസംഘത്തെ രക്ഷിക്കുക മാത്രമായിരുന്നു ഉദ്ദേശ്യമെങ്കിൽ ഈ വാർത്ത അറിഞ്ഞുടനെ അവർ അവിടെ പാഞ്ഞെത്തുമായിരുന്നു. കിട്ടുന്ന ആയുധവുമെടുത്ത് പോകുമായിരുന്നു. പക്ഷേ, അങ്ങനെ ഉണ്ടായില്ല. പ്രത്യുത സാർഥവാഹക സംഘത്തിനു

നബി(സ)തിരുമേനിയുടെ പരിശുദ്ധജീവചരിത്രവുമായി ബന്ധപ്പെട്ടുള്ള ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തല വിവരണം.

ബദ്ർ യുദ്ധത്തിനുമുമ്പേ നടന്ന ചില യുദ്ധങ്ങളുടേയും സരിയ്യത്തുകളുടേയും(നിയുക്തസൈന്യങ്ങളുടേയും)ചർച്ച.

സരിയ്യ ഉബയ്ദബിൻ ഹാരിഥിൽ(റ)ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്വാണ് ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ അമ്പെയ്തത്. ഇതിൽ അദ്ദേഹത്തിന് അഭിമാനമുണ്ടായിരുന്നു.

ആദ്യത്തെ യുദ്ധമായ 'ഗസ്‌വത്ത് വദ്ദാൻ' നടന്നത് ഹിജ്റ 2 സ്വഫ്ർമാസത്തിലായിരുന്നു. ഇതിൽ 60, 70 മുഹാജിറുകളോടൊപ്പം നബി(സ)തിരുമേനി നേരിട്ട് പങ്കെടുത്തു.

നിഷിദ്ധമാക്കപ്പെട്ട മാസങ്ങളിൽ റജബ് മാസത്തിൽ സരിയ്യ അബ്ദുല്ലാഹ് ജഹ്ശിനുവേണ്ടി സൂറത്തുൽ ബഖറയുടെ 218 വചനങ്ങൾ മുസ്‌ലിമീങ്ങളുടെ സമാധാനത്തിനുവേണ്ടി ഇറക്കി.

ബദ്ർ യുദ്ധത്തെ കുറിച്ച് നബി(സ)തിരുമേനിയുടെ പിതൃസഹോദരി ആത്തിക്ക ബിൻത് അബ്ദുൽ മുത്ത്വലിബിന്റെ അത്ഭുതകരമായ സ്വപ്നം, അതു പിന്നീട് അതുപോലെ പുലർന്നു.

**ഖുത്ബ ജുമുഅ 2023 ജൂൺ 09/1402 ഇഹ്സാൻ 19**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹിജ്റത്തിനുശേഷമുള്ള പ്രാരംഭകാല അവസ്ഥകൾ, ബദ്ർ യുദ്ധത്തിന്റെ കാരണങ്ങൾ, മക്കയിലെ അവിശ്വാസികളുടെ ഗൂഢപദ്ധതികൾക്കെതിരിലുള്ള പ്രവർത്തനം, അവരുടെ ഗൂഢപദ്ധതികളെ തടയുന്നതിന് നബി(സ)തിരുമേനി എന്തു നടപടിയാണ് സ്വീകരിച്ചത് തുടങ്ങിവയെ കുറിച്ചുള്ള കുറച്ചുകാര്യങ്ങളാണ് പറഞ്ഞുവന്നത്. യുദ്ധത്തിനുമുമ്പേ നടന്ന ചില യുദ്ധങ്ങളും സരിയ്യത്തുകളും (നിയുക്ത സൈന്യങ്ങളുടേയും)ഉണ്ട്. അതിനെ കുറിച്ച് ഹ്രസ്വമായി വിവരിക്കുന്നതായിരിക്കും. പിന്നീട് മക്കയിലെ അവിശ്വാസികളുടെ യുദ്ധത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പിന്റെ അവസ്ഥകളെ കുറിച്ചും വിവരിക്കുന്നതായിരിക്കും ഇൻശാ അല്ലാഹ്. **സരിയ്യത്ത് ഹദ്റത്ത് ഹംസ**:നബി(സ)തിരുമേനി അയക്കുകയും ഹിജ്റ വർഷം റമളാൻ ഒന്നിന് നടക്കുകയും ചെയ്ത ആദ്യത്തെ യുദ്ധ നടപടിയായിരുന്ന ഇത്. ഇതിനെ സരിയ്യത്ത് സയ്ഫുൽബഹ്ർ എന്നു പറയുന്നു. അതിലെ വെളുത്തകൊടി അബൂ മർസദ് ഗനവി(റ)യുടെ കൈയിലായിരുന്നു. ഈ സരിയ്യ നബി(സ)തിരുമേനി ഹിജ്റ വർഷം റമളാൻ ഒന്നിന് ഹംസത്തുബ്നു അബ്ദുൽമുത്ത്വലിനെ അമീറാക്കിക്കൊണ്ടാണ് അയച്ചത്. അദ്ദേഹത്തോടൊപ്പം 30 മുഹാജിറുമുണ്ടായിരുന്നു. ഇവർ യീസ് പ്രദേശത്തിന്നടുത്ത് ചെങ്കടലിന്റെ അതിർത്തിവരെ പോയി. ഖുറയ്ശിലെ ഒരു കച്ചവടസംഘം അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ ശാമിൽനിന്ന് വരികയായിരുന്നു. ഇരുസംഘവും തമ്മിൽ കണ്ടുമുട്ടി. റാബഗയുടെ വടക്ക് ഭാഗത്ത് ഏകദേശം 30 കിലോമീറ്റർ ദൂരത്തുള്ള ഒരു സ്ഥലമാണ് യീസ്. അത് ഥനിയത്തുൽ മറഹയുടെ ചുറ്റുവട്ടത്തുള്ളതാണ്. മദീന മുനവ്വറയിൽനിന്ന് റാബഗിലേക്കുള്ള ദൂരം ഏകദേശം 240 കിലോ മീറ്ററാണ്. ഇവിടെ ദുനാബത്തുൽ യീസ് എന്നു പേരുള്ള ഒരു അരുവി ഉണ്ടായിരുന്നു. അതിനു ചുറ്റും കരുവേലവൃക്ഷങ്ങളും മറ്റും ധാരാളമായി ഉണ്ടായിരുന്നു. ഇക്കാരണത്താൽ അത് യീസ് എന്ന് പറയപ്പെടുന്നു. ഇവിടെ സുലയിം ഗോത്രം താമസിച്ചിരുന്നു. ശാമിലേക്ക് പോകുന്ന ഖുറയ്ശികളുടെ കച്ചവട സംഘം ഇതുവഴിയായിരുന്നു പോയിരുന്നത്. എന്തായാലും ഇരുസംഘവും തമ്മിൽ കണ്ടുമുട്ടുകയും യുദ്ധത്തിനൊരുങ്ങുകയും ചെയ്തു. പക്ഷേ, ഖബീലയുടെ ഒരു നേതാവിന്റെ ഇടപെടൽ നിമിത്തം അവർ തമ്മിൽ കലഹമില്ലാതെ കഴിയുകയും ഇരുകൂട്ടരും മടങ്ങിപ്പോകുകയുമാണുണ്ടായത്. (അറ്റ്‌ലസ് സീറത്തെ നബ്‌വി, പേജ് 193-194, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1424)

പിന്നീട് വരുന്നത് സരിയ്യ ഉബയ്ദ ബിൻ ഹാരിഥാണ്. ഹിജ്റ വർഷം ഒന്ന് ശവ്വാൽ മാസത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിന്റെ നായകത്വത്തിൽ അറുപത് മുഹാജിറകുൾ റാബഗിന്നടുത്തുള്ള(മക്കയുടേയും മദീനയുടേയും ഇടയ്ക്കുള്ള സ്ഥലം)ഥനിയത്തുൽ മറഹയിലേക്കയച്ചു. അബൂസുഫിയാൻ മുതലായവരുൾപ്പെടെ ഇരുന്നൂറോളം വരുന്ന കച്ചവട സംഘവുമായി കണ്ടുമുട്ടി. കുറച്ചു ശരപ്രയോഗമല്ലാതെ മറ്റു അനിഷ്ട സംഭവങ്ങളൊന്നുമുണ്ടായില്ല. ആദിവസം ഏറ്റവുമാദ്യം അമ്പെയ്തത് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് ആയിരുന്നു. അതിനുമുമ്പേ ഒരിക്കലും മുസ്‌ലിമീങ്ങൾക്കും മുശ്രിക്കീങ്ങൾക്കുമിടയിൽ ശരപ്രയോഗമൊന്നും നടന്നിട്ടില്ല. അതായത് ഇത് ഇസ്‌ലാമിക ചരിതത്തിലെ ആദ്യത്തെ ശരപ്രയോഗമായിരുന്നു. ഇതിൽ ഹദ്റത്ത് സഅ്ദിന് അനിതരസാധാരണമായ അഭിമാനമുണ്ടായിരുന്നു. പിന്നീട് ഇരുകക്ഷികളും അവരവരുടെ പ്രദേശത്ത് മടങ്ങിപ്പോയി. റാബഗ പട്ടണത്തിന്റെ വടക്കുകിഴക്കുഭാഗത്ത് ഏകദേശം 55 കിലോമീറ്റർ ദൂരത്തുള്ള ഒരു സ്ഥലമാണ് ഥനിയത്തുൽ മറഹ. മദീന മുനവ്വറയിൽനിന്ന് അതിന്റെ ദൂരം 200 കിലോ മീറ്ററാണ്.(അറ്റ്‌ലസ് സീറത്തെ നബ്‌വി, പേജ് 196, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1424)

പിന്നീട് സഅ്ദുബ്നു അബീ വഖ്സ്വാണ്. ഹിജ്റ വർഷം ഒന്നിൽ ചിലരുടെ നിവേദമനുസരിച്ച് ഹിജ്റ രണ്ടിൽ ഹദ്റത്ത് സഅ്ദുബ്നു അബീ വഖ്സിന്റെ നേതൃത്വത്തിൽ 20 മുഹാജിറുകളുടെ ഒരു സ്ഘം അയച്ചു. അവരോടു കല്പിച്ചു: ഖർറാർ താഴ്‌വര കഴിഞ്ഞ് മുന്നോട്ടു പോകരുതെന്ന് അവരോടു കൽപിച്ചു. അവർ നടന്നാണ് പോയത്. പകൽ ഒളിഞ്ഞിരിക്കും. രാത്രിയിൽ യാത്ര ചെയ്യും. അങ്ങനെ അവർ ഖർറാർ വരെ എത്തി. അവരുടെ ഉദ്ദേശ്യം ഖുറയ്ശികളുടെ കച്ചവട സംഘത്തെ തടയുക എന്നതായിരന്നു. പക്ഷേ, സ്വഹാബത്ത് അവിടെ എത്തുന്നതിനുമുമ്പേ അവർ കടന്നു കളഞ്ഞതിനാൽ മടങ്ങി വരികയാണുണ്ടാത്.(അറ്റ്‌ലസ് സീറത്തെ നബ്‌വി, പേജ് 199, പ്രസാധനം ദാറുസ്സലാം രിയാള് ഹിജ്റ 1424)

ഹിജ്റ വർഷം രണ്ട് സ്വഫർ മാസത്തിൽ നബി(സ)തിരുമേനി 60,70 മുഹാജറുകളോടൊപ്പം അബ്‌വാഅ് അല്ലെങ്കിൽ വദ്ദാനിലേക്കുപോയി. നബി(സ)തിരുമേനി നേരിട്ട് പങ്കെടുത്ത ആദ്യത്തെ യുദ്ധമാണിതെന്നാണ് ചരിത്രകാരനായ ഇബ്നു സഅ്ദ് പറയുന്നത്. നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ്ബിൻ ഉബാദയെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു. അവിടന്ന് അബ്‌വാഅ് എന്ന സ്ഥലത്തെത്തി. നബി(സ)തിരു

മേനിയുടെ ഉദ്ദേശ്യം ഖുറയ്ശികളുടെ കച്ചവട സംഘത്തെ തടയുക എന്നതായിരുന്നു. പക്ഷേ, അവർ നബി(സ)തിരുമേനി അവിടെ എത്തുന്നതിനുമുമ്പേ കടന്നുപോയിക്കഴിഞ്ഞിരുന്നു. ഇവിടെ നബി(സ)തിരുമേനി ബനീളംറത്ത് ഗോത്രക്കാരുടെ തലവനായ മഖ്ശിയുബ്നു അംറ് ളംരിയുമായി സന്ധിയിലേർപ്പെട്ടു. സന്ധി ഇതായിരുന്നു, നബി(സ) തിരുമേനിയും ബനീളംറത്ത് ഗോത്രക്കാരും തമ്മിൽ സഹകരണത്തോടുകൂടി ജീവിക്കുന്നതും അന്യോന്യം യുദ്ധം ചെയ്യുകയോ ശത്രുക്കളെ സഹായിക്കുകയോ ചെയ്യാതിരിക്കുന്നതുമാണ്. ഈ യാത്രയിൽ നബി(സ) തിരുമേനി 15 ദിവസം മദീനയ്ക്കു വെളിയിൽ താമസിച്ചു. വദ്ദാനെ കുറിച്ച് എഴുതിയിരിക്കുന്നു, മക്കയുടെയും മദീനയുടെയും ഇടയിലുള്ളൊരു സ്ഥലമാണിത്. അബ്വാഹിൽനിന്ന് 13 കിലോമീറ്റർ അകലെയാണ് ഇത് സ്ഥിതിചെയ്യുന്നത്. ഇവിടെയാണ് നബി(സ)തിരുമേനിയുടെ മാതാവ് അന്ത്യവിശ്രമം കൊള്ളുന്നത്. ജുഹ്ഫയിൽനിന്ന് ഇവിടേയ്ക്കുള്ള ദൂരം ഏകദേശം നൂറുകിലോമീറ്ററാണ് (അറ്റ്ലസ് സീറത്തെ നബ്വി, പേജ് 202, പ്രസാധനം ദാറുസ്സലാം റിയാള് ഹിജ്റ 1424)

ഈ സ്ഥലങ്ങളുടെ പേരും ഇക്കാര്യങ്ങളും ഞാൻ വിവരിക്കുന്നത് അവിടെ യാത്ര ചെയ്യുന്ന ചില അഹ്മദികളുണ്ട്. ഉംറ ചെയ്യുന്നവരുണ്ട്. ഉംറ ചെയ്യാൻ പോകുന്നവർ ചരിത്രം അറിയുന്നതുകൊണ്ട് അവിടെ പോകാനാഗ്രഹിക്കുന്നു. അങ്ങനെ അൽപം ഈ സ്ഥലങ്ങളെക്കുറിച്ച് അറിയാൻ കഴിയുന്നു.

**ബുവാത്വ് യുദ്ധം:** ഹിജ്റ രണ്ടിൽ റബീഉൽ അവ്വൽ മാസത്തിൽ നബി(സ) തിരുമേനി സഅ്ദ് ബിൻ മുആദിനെ മദീനയിലെ അമീറായി നിശ്ചയിച്ചു. തന്റെ 200 സ്വഹാബാക്കളുമൊത്ത് ഖുറയ്ശികളുടെ ഒരു കച്ചവട സംഘത്തെ തടയുന്നതിന് പുറപ്പെട്ടു. ഈ സംഘത്തിൽ ഉമയ്യത്തുബ്നു ഖലഫുമുണ്ടായിരുന്നു. നൂറ് മറ്റു ഖുറയ്ശികളുമുണ്ടായിരുന്നു. 2500 ഒട്ടകങ്ങളുണ്ടായിരുന്നു. നബി(സ)തിരുമേനി റള്വായുടെ ചുറ്റുവട്ടത്തുള്ള ബുവാത്വിലെത്തി. എന്നാൽ, അവിടെ ആരേയും കാണാൻ കഴിഞ്ഞില്ല. നബി(സ) തിരുമേനി മദീന മുനവ്വറയിലേക്ക് മടങ്ങിവന്നു. ഈ യുദ്ധത്തിൽ കൊടിയുടെ നിറം വെളുപ്പായിരുന്നു. അത് പിടിച്ചിരുന്നത് സഅ്ദ് ബിൻ അബീവഖാസ്വായിരുന്നു. ബുവാത്വിനെ കുറിച്ചെഴുതിയിരിക്കുന്നു, ഇത് ജുഹയ്ന ഗോത്രങ്ങളുടെ രണ്ട് മലയാണ്. അത് മക്കയിൽനിന്ന് ശാമിലേക്ക് പോകുന്ന വഴിയിലാണുള്ളത്. അതോടുചേർന്ന് റള്വായുടെ പ്രസിദ്ധ മലയുമുണ്ട്. മദീനയിൽനിന്ന് ബുവാത്വിലേക്കുള്ള ദൂരം ഏകദേശം 100 കിലോ മീറ്ററാണ്.(അറ്റ്ലസ് സീറത്തെ നബ്വി, പേജ് 204, പ്രസാധനം ദാറുസ്സലാം റിയാള് ഹിജ്റ 1424)

**ഉശയ്റത്തു യുദ്ധം:** ഖുറയ്ശികളുടെ ഒരു കച്ചവട സംഘം മക്കയിൽനിന്ന് പുറപ്പെട്ടിരിക്കുന്നതായി നബി(സ) തിരുമേനിക്ക് അറിയിപ്പു കിട്ടി. മക്കക്കാർ ഈ കച്ചവട സംഘത്തിൽ തങ്ങളുടെ എല്ലാ സ്വത്തും ഇറക്കിയിരുന്നു.അതിൽനിന്ന് കിട്ടുന്ന വരുമാനം മുസ്‌ലിംകൾക്കെതിരിൽ യുദ്ധത്തിന് ചെലവഴിക്കണമെന്നതായിരുന്നു. അങ്ങനെ നബി(സ)തിരുമേനി ജമാദുൽ അവ്വലിലോ ഒരു നിവേദനമനുസരിച്ച് ജമാദുൽ ആഖറിലോ ഹിജ്റ രണ്ടാം വർഷം മദീനയിൽനിന്ന് 150, 200 അംഗങ്ങളോടൊപ്പം യാത്ര പുറപ്പെട്ടു. അവിടന്ന് ഉശയ്റത്ത് എന്ന സ്ഥലത്തെത്തിയപ്പോൾ നബി(സ) തിരുമേനിക്ക് മനസ്സിലായി ഖുറയ്ശികളുടെ കച്ചവട സംഘം അവിടന്ന് എത്തുന്നതിന് കുറിച്ച് ദിവസം മുമ്പേ കടന്നുപോയിരിക്കുന്നുവെന്ന്. മക്കയുടേയും മദീനയുടേയുമിടയിൽ ബനൂമുദുലിജ് പ്രദേശത്ത് യനുബഅ്ന്റെ അടുത്തുള്ള ഒരു പ്രദേശത്തിന്റെ പേരാണ് ഉശയ്റത്ത്. നബി(സ) തിരുമേനി കുറച്ചുദിവസം അവിടെ താമസിച്ചു. നബി(സ)തിരുമേനി ബനൂമുദുലിജിൽനിന്നും ളംറയിൽനിന്നുമുള്ള നേതാക്കന്മാരോടു സന്ധിയിലേർപ്പെട്ടു. അതിനുശേഷം മദീനയിൽ തിരിച്ചെത്തി. ഇതേ കച്ചവട സംഘത്തെ മടക്കത്തിൽ പ്രതീക്ഷിച്ചുകൊണ്ട് പുറപ്പെട്ടതിനാലായിരുന്നു ബദ്റുൽ കുബ്റാ യുദ്ധം നടന്നത്.(സുബുലുൽ ഹുദാ വാല്യം 4, പേജ് 17, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(ഫർഹങ്കെ സീറത്ത്, പേജ് 201, പ്രസാധനം സവാർ അക്കാഡമി, കറാച്ചി 2003)

**ബദ്റുൽ ഊലാ യുദ്ധം:** ഉശയ്റ യുദ്ധത്തിൽനിന്ന് മടങ്ങി കുറച്ചുദിവസങ്ങൾ(പത്തിലധികമാകാത്ത ദിവസം കഴിഞ്ഞപ്പോൾ)കുർസുബ്നു ജാബിർ മദീനയിലെ മേച്ചിൽ സ്ഥലത്ത് ആക്രമണം നടത്തി. നബി(സ)തിരുമേനി അയാളെ പിന്തുടർന്നു. അവിടന്ന് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായെ തന്റെ പിൻഗാമിയായി നിയമിച്ചു. നബി(സ)തിരുമേനി ബദ്റിനടുത്ത് സഫ്‌വാൻ താഴ്‌വരയിലെത്തി. സഫ്‌വാൻ ബദ്റിന്റെ അടുത്തുള്ള ഒരു താഴ്‌വരയാണ്. പക്ഷേ, കുർസുബ്നു ജാബിർ അവിടെനിന്ന് കടന്നു കളഞ്ഞു. അയാളെ കണ്ടെത്താൻ നബി(സ)തിരുമേനിക്കു കഴിഞ്ഞില്ല. ഈ യാത്രയ്ക്കാണ് ബദ്റുൽ ഊലാ യുദ്ധമെന്നു പറയുന്നത്. അതുകഴിഞ്ഞ് നബി(സ)തിരുമേനി മദീനയിൽ മടങ്ങിയെത്തി.(സീറത്തു ഇബ്നു ഹിശാം പേജ് 412, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)(അറ്റ്ലസ് സീറത്തെ നബ്വി, പേജ് 206, പ്രസാധനം ദാറുസ്സലാം റിയാള് ഹിജ്റ 1424)

ബദ്റുൽ ഊലാ എന്നു പറയാൻ കാരണം ബദ്റിന്റെ ഒരു വശത്ത് സഫ്‌വാൻ സ്ഥലംവരെ മുസ്‌ലിം സൈന്യമെത്തിയിരുന്നു.(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 177, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2002) ഇതു സീറത്തുൽ ഹൽബിയായിൽവിവരിക്കപ്പെട്ടതാണ്.

കുർസുബ്നു ജാബിറിനെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)വിശദമായി എഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:കുർസുബ്നു ജാബിറിന്റെ ഈ ആക്രമണം ഒരു സാധാരണ നിലയിലുള്ളതായിരുന്നില്ല. പ്രത്യുത തീർച്ചയായും അത് ഖുറയ്ശികളിൽനിന്ന് മുസ്‌ലിമീങ്ങൾക്കെതിരിൽ ദുരുദ്ദേശ്യത്തോടെ നടത്തിയതായിരുന്നു. എന്നല്ല അയാളുടെ ഉദ്ദേശ്യം നബി(സ)തിരുമേനിയെ വകവരുത്തുക എന്നതാകാനും സാധ്യതയുണ്ട്. എന്നാൽ, മുസ്‌ലിമീങ്ങളെ അവർ ജാഗരൂകരായി കണ്ട് അയാൾ തന്റെ ഒട്ടകത്തിനുമേൽ കൈ വൃത്തിയാക്കി കടന്നു കളയുകയായിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് മക്കയിലെ ഖുറയ്ശികൾ മദീനയുടെമേൽ ആക്രമണം നടത്തി മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നുവെന്നാണ്. ഇതുംകൂടി ഓർമിക്കേണ്ടതാണ്. ഇതിനുമുമ്പേ മുസ്‌ലിമീങ്ങൾക്ക് വാൾകൊണ്ടുള്ള ജിഹാദിന് അനുമതി കിട്ടിക്കഴിഞ്ഞിരുന്നു. അവർ സ്വയം സംരക്ഷണം എന്ന വിചാരത്തോടെ അതിനെ സംബന്ധിച്ചുള്ള പ്രാഥമിക നടപടികളും തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, ഇതുവരെ അവരുടെ ഭാഗത്തുനിന്ന് അവിശ്വാസികൾക്ക് കർമപരമായി ഒരു തരത്തിലുള്ള സാമ്പത്തിക നഷ്ടമോ ജീവനഷ്ടമോ ഉണ്ടായിരുന്നില്ല. പക്ഷേ, കുർസുബ്നു ജാബിറിന്റെ ആക്രമണത്തോടെ മുസ്‌ലിമീങ്ങൾക്ക് കർമപരമായി നഷ്ടമുണ്ടായി. അതായത് മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് ഖുറയ്ശികളുടെ വെല്ലുവിളി സ്വീകരിക്കാൻപോയതിനുശേഷം കർമപരമായ യുദ്ധത്തിന് അവിശ്വാസികൾ തന്നെയാണ് മുന്നിട്ടു വന്നത്.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 330, 1996 പതിപ്പ്)

പിന്നീട് വരുന്നത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ യുദ്ധ നടപടിയാണ്. ഈ യുദ്ധ നടപടി മക്കയുടെ അടുത്തുള്ള നഖ്‌ല താഴ്‌വരയിലാണ് നടന്നത്. അതിനെ സംബന്ധിച്ചെഴുതിയിരിക്കുന്നു: നബി(സ)തിരുമേനി റജബ് മാസത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ 8 മുഹാജിറികളോടൊപ്പം യാത്രയയച്ചു. അവരിൽ അൻസ്വാറിൽനിന്ന് ആരുമുണ്ടായിരുന്നില്ല. അവർക്ക് നിർദേശങ്ങളടങ്ങിയ ഒരു കത്തെഴുതിക്കൊടുത്തു. രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം ഈ കത്ത് പൊട്ടിച്ചു വായിക്കണമെന്നും ഇതിൽ പറഞ്ഞിരിക്കുന്ന നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കണമെന്നും സ്വന്തമാളുകളിലാരെയും തന്നോടൊപ്പം വരാൻ നിർബന്ധിക്കരുതെന്നും പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ് രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം ആ കൽപന അടങ്ങിയ കത്ത് വായിച്ചു. അതിലെഴുതിയിരുന്നു, താങ്കൾ എന്റെ ഈ കത്ത് തുറന്ന് നോക്കുമ്പോൾ യാത്ര തുടർന്നുകൊണ്ടിരിക്കുക. ത്വാഇഫിന്റേയും മക്കയുടേയുമിടയിലുള്ള നഖ്‌ലയിലെത്തിയാൽ അവിടെ ഖുറയ്ശികളുടെ പ്രവർത്തിയിൽ കണ്ണുവേണം. അവരുടെ അവസ്ഥകളെ കുറിച്ച് നമ്മെ അറിയിക്കണം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ് ഈ എഴുത്ത് കണ്ടപ്പോൾ പറഞ്ഞു, കേൾക്കുകയും അനുസരിക്കുകയും ചെയ്യുക എന്നത് എനിക്കു നിർബന്ധമാണ്. പിന്നീട് തന്റെ കൂട്ടുകാരോടു അദ്ദേഹം പറഞ്ഞു, നബി(സ)തിരുമേനി എന്നോടു ഞാൻ നഖ്‌ല ഭാഗത്ത് പോകണമെന്ന് കൽപിച്ചിരിക്കുന്നു. അവിടെ പോയി ഖുറയ്ശികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തണം. അവരുടെ പ്രവർത്തനങ്ങളെ കുറിച്ച് നബി(സ)തിരുമേനിയെ അറിയിക്കുകയും വേണം. നിങ്ങളെ ആരേയും നിർബന്ധിച്ച് കൊണ്ടുപോകരുതെന്നും പറഞ്ഞിട്ടുണ്ട്. നിങ്ങളിലാരാണോ ശഹാദത്ത് ആഗ്രഹിക്കുന്നത് അവർക്കെന്നോടൊപ്പം വരാവുന്നതാണ്. തിരിച്ചു പോകാനാഗ്രഹിക്കുന്നവർക്ക് പോകാം. എന്നാൽ, അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നആരും മടങ്ങിപ്പോയില്ല. എല്ലാവരും മജാസിലേക്ക് പുറപ്പെട്ടു. വഴിയിലൊരു സ്ഥലത്ത് ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസിന്റേയും ഹ്ദറത്ത് ഉത്ബ ബിൻ ഗസ്‌വാന്റേയും ഒട്ടകം കാണാതായി. അതിനെ തിരഞ്ഞ് അവരിരുവരും പിന്നിലായിപ്പോയി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശാണെങ്കിൽ മറ്റു സ്നേഹിതന്മാരോടൊപ്പം നഖ്‌ലയിലെത്തുകയും ചെയ്തു. അവിടെ കിശ്മിശും തുകലും ഖുറയ്ശികളുടെ സാധനങ്ങളും ഏറ്റിപ്പോകുന്ന ഒരു കച്ചവടസംഘം കടന്നുപോയിരുന്നു. ആ കച്ചവട സംഘത്തിൽ അംറ് ബിൻ ഹള്റമിയും ഉണ്ടായിരുന്നു. മക്കയിലെ ഖുറയ്ശികൾ മുസ് ലിമീങ്ങളെ കണ്ടപ്പോൾ ഭയന്നുപോയി. ഹദ്റത്ത് ഉക്കാശബിൻ മിഹ്സൻ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം തന്റെ ശിരസ്സ് മുട്ടയടിച്ചിരുന്നു. അവിശ്വാസികൾ അദ്ദേഹത്തെ കണ്ട് സമാശ്വസിച്ചു. ഭയപ്പെടാനൊന്നുമില്ലെന്ന് അവർ പറഞ്ഞു. ഈ യാളുകൾ ഉംറ ചെയ്യാൻ പോകുകയാണ്. പിന്നീട് മുസ്‌ലിമീങ്ങൾ അവിടെ കൂടിയാലോചിച്ചു. ഇന്ന് റജബ് മാസത്തിന്റെ അവസാന ദിവസമാണ്. നമ്മൾ അവരുമായി യുദ്ധം ചെയ്യുകയും അവരെ വധിക്കുകയും ചെയ്താൽ ഈ മാസം നിഷിദ്ധമാക്കപ്പെട്ടതാണ്. ഇന്ന് കാത്തിരിക്കുകയാണെങ്കിൽ രായ്ക്കുരാമാനം നിഷിദ്ധ മാസത്തിന്റെ പരിധി കടന്ന് പിന്നീട് നമ്മുടെ കൈയിൽ വരികയില്ല. അവസാനം എല്ലാവരും യോജിച്ചത് കച്ചവട സംഘത്തിമേൽ ആക്രമണം നടത്തുക എന്നായിരുന്നു. ഈ വിശദീകരണം സ്വഹാബാക്കളെ കുറിച്ച് ഞാൻ പറഞ്ഞ ഘട്ടത്തിൽ മുമ്പേ വിവരിച്ചതാണ്. ഹദ്റത്ത് വാഖിദ് ബിൻ അബ്ദുല്ലാഹ് തമീമി അംറ് ബിൻ ഹള്റമിയുടെ നേരെ

എങ്ങനെ അമ്പ് തൊടു ത്തുവെന്നാൽ അതിൽ അദ്ദേഹം മരിച്ചു. ആ രണ്ടുപേരെയും മുസ്‌ലിമീങ്ങൾ തടവിലാക്കി. ഒരാൾ ഓടിപ്പോകുന്നതിൽ വിജയിച്ചു. പിന്നീട് ഹ്ദറത്ത് അബ്ദുല്ലാഹാ ബിൻ ജഹ്ശ് ഒട്ടകങ്ങളേയും ആ രണ്ടു തടവുകാരേയും കൊണ്ട് മദീനയിൽ നബി(സ)തിരുമേനിയുടെ അടുത്ത് ഹാജരായി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്(റ)മദീനയിൽ വന്നപ്പോൾ നബി (സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു:നിഷിദ്ധമാസങ്ങളിൽ യുദ്ധം ചെയ്യണമെന്ന് ഞാൻ താങ്കളോടു കൽപിച്ചിരുന്നില്ല. താങ്കൾ ഒട്ടകങ്ങളേയും ആ രണ്ടു തടവുകാരേയും താമസിപ്പിക്കുകയും അവരിൽനിന്ന് എന്തെങ്കിലും വസ്തു സ്വീകരിക്കുന്നത് നിഷേധിക്കുകയും ചെയ്തു.(സീറത്തു ഇബ്നു ഹിശാം, പേജ് 412-414 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

മുസ്‌ലിമീങ്ങൾ ആദരണീയമാസത്തിന്റെ പവിത്രത തകർത്തുവെന്ന് പറഞ്ഞ് മറുഭാഗത്ത് ഖുറയ്ശികളും ബഹളമുണ്ടാക്കി. കാരണം വധിക്കപ്പെട്ട അംറ് ബിൻ ഹള്റമി ഒരു നേതാവായിരുന്നു. അദ്ദേഹം മക്കയുടെ നേതാവായ ഉത്ബബിൻ റബീഅയുടെ സഖ്യകക്ഷിയായിരുന്നു. അതുകൊണ്ടും ഈ സംഭവം ഖുറയ്ശികളുടെ കോപാഗ്നിയെ ആളിക്കത്തിച്ചു. അവർ പിന്നീട് കൂടുതൽ ശക്തമായ ആവേശത്തോടെ മദീനയുടെമേൽ ആക്രമണം നടത്താനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. ബദ്ർ യുദ്ധം കൂടുതലും ഖുറയ്ശികളുടെ ഇതേ തയ്യാറെടുപ്പിന്റെയും ശത്രുതാവേശത്തിന്റെയും ഫലമായിരുന്നു. ഈ സംഭവത്തിൽ മുസ്‌ലിമീങ്ങളിലും അവിശ്വാസികളിലും, ഇരുകൂട്ടരിലും നിരവധി കിംവദന്തികൾ പരന്നു. അവസാനം താഴെ കാണുന്ന ഖുർആനിക വഹി ഇറങ്ങിയത് മുസ്‌ലിമീങ്ങളുടെ സമാധാനത്തിന് നിമിത്തമായി. അല്ലാഹു പറയുന്നു: അഊദുബില്ലാഹി മിനശ്ശയ്ത്വാനിർറജീം. യസ്അലൂനക്ക അനിശ്ശഹ്‌രിൽ ഹറാമി ഖിതാലിൻഫീഹി ഖുൽ ഖിതാലുൻ ഫീഹി കബീറുൻ വസ്വദ്ദുൻ അൻ സബീലില്ലാഹി വ കുഫ്‌റുൻ ബിഹീ വൽമസ്ജിദിൽഹറാമി വ ഇഖ്റാജു അഹ്‌ലിഹീ മിൻഹു അക്ബറു യിൻദല്ലാഹി വൽ ഫിത്നത്തു അക്ബറു മിനൽ ഖത്‌ലി വലാ യസാലൂന യുഖാത്തിലൂനക്കും ഹത്താ യറുദ്ദൂക്കും അൻദീനിക്കും ഇനിസ്ത്തത്വാഊ(2:218) ആദരണീയ മാസത്തെ-അതിൽ യുദ്ധം ചെയ്യുന്നതിനെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക, അതിൽ യുദ്ധം ചെയ്യുന്നത് വലിയ അപരാധമാണ്. എന്നാൽ, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുന്നതും അവിടുത്തെ നിവാസികളെ അതിൽനിന്ന് ബഹിഷ്കരിക്കുന്നതും അല്ലാഹുവിന്റെ പക്കൽ (അതിനെക്കാൾ) വലിയ അപരാധമാകുന്നു. ഫിത്ന കൊലയേക്കാൾ വലിയ കുറ്റമത്രെ. അവർക്ക് സാധിക്കുമെങ്കിൽ നിങ്ങളുടെ മതത്തിൽനിന്നു നിങ്ങളെ പിന്തിരിപ്പിക്കുവോളം അവർ നിങ്ങളോട് യുദ്ധം ചെയ്തുകൊണ്ടേയിരിക്കും.(2:218)

അവിശ്വാസികൾ മുസ്‌ലിമീങ്ങളെ തങ്ങളുടെ ദീനിൽനിന്നകറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുമെന്ന് അല്ലാഹുവിന്നറിയാമായിരുന്നു. അതുകൊണ്ട് ആ നേരത്ത് എന്തൊന്നാണോ ഉണ്ടായത് അതിൽ അല്ലാഹു ഒരു നീരസവും പ്രകടിപ്പിച്ചില്ല. ഇസ്‌ലാമിന്നെതിരിൽ ഖുറയ്ശി നേതാക്കന്മാർ കൊലപാതക പ്രൊപ്പഗണ്ട പുണ്യമാസത്തിലും തുടർന്നുകൊണ്ടേയിരുന്നുവെന്ന് ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. എന്നല്ല പുണ്യമാസത്തിലെ സമ്മേളനങ്ങളും യാത്രകളും പ്രയോജനപ്പെടുത്തി ഈ മാസങ്ങളിൽ തങ്ങളുടെ കലാപപരമായ നടപടികളിലും കൂടുതൽ തീവ്രതയുള്ളവരായിരുന്നു. പിന്നീട് ലജ്ജയില്ലാതെ തങ്ങളുടെ മനസ്സിന് വ്യാജമായ തൃപ്തി കൊടുക്കുന്നതിനുവേണ്ടി അവർ ആദരണീയമാസങ്ങളെ അതിന്റെ സ്ഥാനത്തുനിന്ന് അങ്ങോട്ടുമിങ്ങോട്ടും മാറ്റിവെക്കാറുമുണ്ടായിരുന്നു.

അതിനെ അവർ 'നസീഅ്' എന്ന പേരിലാണ് വിളിച്ചിരുന്നത്. അതിനാൽ ഈ മറുപടികൊണ്ട് മുസ്‌ലിമീങ്ങൾക്കെന്തായാലും സമാധാനം കിട്ടേണ്ടതുതന്നെയായിരുന്നു. ഖുറയ്ശികളും കുറച്ച് തണുത്തു.വഹ്‌യ് ഉണ്ടായിട്ടുണ്ടെന്ന് അവർക്കു മനസ്സിലായി. ഇതിന്നിടയിൽ അവരുടെ രണ്ടാളുകൾ തങ്ങളുടെ രണ്ടു തടവുകാരെ വിടുവിപ്പിക്കുന്നതിനുവേണ്ടി മദീനയിലെത്തി. പക്ഷേ, ഇതുവരെ സഅ്ദ് ബിൻ അബീ വഖാസ്വും ഉത്ബയും മടങ്ങിവന്നിരുന്നില്ല. നബി(സ)തിരുമേനിക്ക് അവരെ സംബന്ധിച്ച് കഠിനമായ ആശങ്കയുണ്ടായിരുന്നു; അതായത് അവർ ഖുറയ്ശികളുടെ കൈയിൽ അകപ്പെട്ടാൽ ഖുറയ്ശികൾ അവരെ ജീവനോടെ വിടുകയില്ല. അതുകൊണ്ട് നബി(സ)തിരുമേനി അവർ തിരിച്ചുവരുന്നതുവരെ തടവുകാരെ വിട്ടുകൊടുക്കുന്നത് നിഷേധിച്ചു. അവിടന്ന് പറഞ്ഞു: 'എന്റെയാളുകൾ സമാധാനത്തോടെമദീനയിലെത്തിക്കഴിഞ്ഞാൽ ഞാൻ നിങ്ങളുടെ ആളുകളെ വിടുന്നതായിരിക്കും.'അങ്ങനെ അവരിരുവരും തിരിച്ചെത്തിയപ്പോൾ നബി(സ)തിരുമേനി ഫിദ്‌യ വാങ്ങി തടവുകാരെ വിട്ടുകൊടുത്തു.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 332-334)

**ബദ്റുൽ കുബ്റാ യുദ്ധം**: വിശുദ്ധഖുർആനിൽ ഈ യുദ്ധം യൗമുൽഫുർഖാൻ എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)പറയുന്നു: ഹദ്റത്ത് നബി കരീം(സ)ന്റെ ഫുർഖാൻ (സത്യാസത്യവിവേചനം) ബദ്ർ യുദ്ധദിവസമായിരുന്നു. ശത്രുക്കളുടെ ശക്തരായ ആളുകൾ ഇതിൽ നശിച്ചൊടുങ്ങി. മുസ്‌ലിമീങ്ങൾക്ക് വിജയവും നേട്ടവുമുണ്ടായി. (ഹഖാഇഖുൽ ഫുർഖാൻ, വാള്യം 1, പേജ് 306)

ഈ യുദ്ധത്തിന് ബദ്റുഥ്ഥാനിയ അല്ലെങ്കിൽ ബദ്റുൽ കുബ്റാ, ബദ്റുൽ ഉള്മാ, ബദ്റുൽ ഖിത്താൽ എന്നും പേരുണ്ട്. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 197, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002) താരീഖ് ഇബ്നു ഖുൽദൂൻ, ഭാഗം 2, പേജ് 426, ദാറുൽ ഫിക്ർ, ബെയ്റുത്ത് 2000)

അബൂ സുഫിയാൻ ഖുറയ്ശികളുടെ കച്ചവടസംഘവുമായി ശാമിൽനിന്ന് മടങ്ങിവരുന്നുണ്ടെന്ന് നബി(സ)തിരുമേനിക്ക് വിവരം കിട്ടി. അതിൽ ആയിരം ഒട്ടകമുണ്ട്. അതിൽ ഖുറയ്ശികളുടെ വളരെ വലിയ മൂലധനമുണ്ടായിരുന്നു. ആരുടെയെങ്കിലും കൈയിൽ ഒരു മിഥ്ക്കാൽ അതായത് 4,5 ഗ്രാം സ്വർണമുണ്ടെങ്കിൽ, അല്ലെങ്കിൽ ധനമുണ്ടെങ്കിൽ അവർ ആ ധനവും ഈ കച്ചവടസംഘത്തിലിടുമായിരുന്നു. പറയപ്പെടുന്നത് അതിൽ വളരെ വലിയൊരു തുക മൂലധനമുണ്ടായിരുന്നുവെന്നാണ്. ഈ കച്ചവടസംഘത്തിൽ 30, 40 ഒരു നിവേദനമനുസരിച്ച് 70 ആളുകളുണ്ടായിരുന്നു. ഈ കച്ചവടസംഘത്തെ പിന്തുടർന്നാണ് നബി(സ)തിരുമേനി മുമ്പേയും പോയിരുന്നത്. ഉശയ്റ സ്ഥലംവരെ അവിടന്ന് പോയിരുന്നു. പക്ഷേ, കച്ചവടസംഘം ശാമിന്റെ ഭാഗത്തേക്ക് പൊയ്ക്കഴിഞ്ഞിരുന്നു. ഈ യുദ്ധ നടപടിക്കായി നബി(സ)തിരുമേനി ഹിജ്റ 2 ജുമാദിൽ അവ്വലിലോ ജുമാദിൽ ആഖറിലോ ആണ് പുറപ്പെട്ടത്.

നബി(സ) തിരുമേനിക്ക് ഈ കച്ചവടസംഘം തിരിച്ചുവരുന്നുവെന്ന വിവരം കിട്ടിയപ്പോൾ തന്റെ കൂടെ പുറപ്പെടുന്നതിനുവേണ്ടി മുസ്‌ലിമീങ്ങളെ ക്ഷണിച്ചു. അവരോടു പറഞ്ഞു:ഇത് ഖുറയ്ശികളുടെ കച്ചവടസംഘമാണ്. ഇതിൽ അവരുടെ സമ്പത്തുകളുണ്ട്. നിങ്ങൾ പുറപ്പെടുക. ഒരുക്ഷേ, നിങ്ങളെ ഗനീമത്തുമുതൽകൊണ്ട് അനുഗ്രഹിക്കും. (സുബുലുൽഹുദാ, വാള്യം 4, പേജ് 30, തർജമ മൗലാനാ ഉബയ്ദുർറഹ്മാൻ മക്തബറഹ്മാനിയ്യ ലാഹോർ) (അർറഹീഖുൽ മഖ്ത്തൂം ഉർദു, പേജ് 272, അൽമക്തബത്തുൽസ്സലഫിയ, ലാഹോർ 2000)

വിമർശിക്കാനുള്ള എന്തെങ്കിലും കാര്യം അന്വേഷിച്ചുനടക്കുന്നവരും അല്ലെങ്കിൽ അറിവില്ലാത്തവരുമായ ചിലരുണ്ട്. അവർ ആക്ഷേപം ഉന്നയിക്കുന്നു. മുസ്‌ലിമീങ്ങൾ മദീനയിൽ പോയിട്ട് കൊള്ളയടിക്കാൻ തുടങ്ങിയെന്ന്. അതിനുദാഹരണമായി ഈ കച്ചവടസംഘത്തെ പിന്തുടർന്ന കാര്യമാണ് അവർ പറയാറുള്ളത്. ഇതാണെങ്കിൽ തികച്ചും അജ്ഞതയുടെയും അറിവില്ലായ്മയുടെയും കാര്യമാണ്. അക്കാലത്തെ യുദ്ധപരമായ അവസ്ഥകളെ കുറിച്ചുള്ള അജ്ഞതയുടെ ഫലമാണ്. കാരണം ഖുറയ്ശികളിലെ ഈ കച്ചവടസംഘത്തെ തടയുക എന്നത് ആക്ഷേപാർഹമായ കാര്യമൊന്നുമല്ല. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്തുഖാത്തമുന്നബിയ്യീനിൽ ഇത് വിശദീകരിച്ചിട്ടുണ്ട്. പറയുന്നു: കച്ചവടസംഘത്തെ തടയാൻ പുറപ്പെടുകയെന്നത് ഒരിക്കലും ആക്ഷേപാർഹമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഒന്നാമതായി മുസ്‌ലിമീങ്ങൾ തേടിപുറപ്പെട്ടിരുന്ന ഈ പ്രത്യേക കച്ചവടസംഘം അസാധാരണമായ സംഘമായിരുന്നു. അതിൽ ഖുറയ്ശിലെ എല്ലാ സ്ത്രീകളുടെയും പുരുഷന്മാരുടെയും വിഹിതമുണ്ടായിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് അതിനെ സംബന്ധിച്ചുള്ള ഖുറയ്ശി നേതാക്കന്മാരുടെ നിയ്യത്ത്,അതിലെ ലാഭം മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധത്തിന് ഉപയോഗിക്കുമെന്നതായിരുന്നു. ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നത്, ഇതിലെ ലാഭമാണ് ഉഹുദ് യുദ്ധത്തിന്റെ തയ്യാറെടുപ്പിന് ചെലവഴിക്കപ്പെട്ടതെന്നാണ്.

ചുരുക്കത്തിൽ ഈ കച്ചവടസംഘത്തെ തടയുന്നതിന് യുദ്ധപരമായ തന്ത്രം നിർബന്ധമായ ഭാഗമായിരുന്നു. രണ്ടാമതായി പൊതുവായ നിലയിലും ഖുറയ്ശികളുടെ കച്ചവടസംഘങ്ങളെ തടയേണ്ടതെന്തുകൊണ്ടെന്നാൽ, ഈ കച്ചവടസംഘങ്ങൾ സായുധരാണ്. മദീനയുടെ തൊട്ടടുത്തുകൂടെയാണ് അവർ കടന്നുപോകുന്നത്. അവരിൽനിന്ന് മുസ്‌ലിമീങ്ങൾക്ക് എപ്പോഴും

## • തിരുനബിയുടെ തിരുമൊഴികൾ •

**അബൂഹുറൈറ നിവേദനം, ബാങ്കിന്റെയും ഒന്നാം സ്വഫ്ഫിന്റെ മഹത്ത്വം ജനങ്ങൾ അറിയാൻ ഇടയാവുകയും അതു നറുക്കെടുപ്പിലൂടെയല്ലാതെ ലഭിക്കുകയില്ലെന്ന് വരികയും ചെയ്താൻ അവർ നറുക്കെടുത്തും അതിനെത്തുമായിരുന്നു(മുസ്‌ലിം ഹദീഥ് 268)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • തിരുനബിയുടെ തിരുമൊഴികൾ •

**അബൂഖത്താദ നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, എന്നെ കാണുംവരെ നിങ്ങൾ എഴുന്നേല്ക്കരുത്.' (മുസ്‌ലിം, ഹദീഥ് 264)**

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ഭീഷണി യുണ്ടായിരുന്നു. അതു കൊട്ടിയടക്കേണ്ടത് അനിവാര്യമായിരുന്നു. മൂന്നാമതായി ഈ കച്ചവടസംഘം ഏതു പ്രദേശത്തുകൂടെയാണോ പോകുന്നത് അവിടെയെല്ലാം മുസ്‌ലിമീങ്ങൾക്കെതിരിൽ അറബ് ഗോത്രങ്ങളിൽ പ്രകോപനങ്ങൾ ഉണ്ടാക്കിക്കൊണ്ടാണ് പോയിരുന്നത്. ഇക്കാരണത്താൽ മുസ്‌ലിമീങ്ങളുടെ അവസ്ഥ ബലഹീനമായിക്കൊണ്ടിരുന്നു. അതുകൊണ്ട് അവരുടെ വഴി അടക്കേണ്ടത് പ്രതിരോധത്തിനും സ്വന്തം സംരക്ഷണത്തിനുമുള്ള പരിപാടിയുടെ ഭാഗമായിരുന്നു. നാലാമതായി ഖുറയ്ശികൾ ജീവിച്ചിരുന്നത് അധികവും കച്ചവടത്തിലൂടെയായിരുന്നു. അതുകൊണ്ട് ഈ കച്ചവടസംഘങ്ങളെ തടയലും നിയന്ത്രിക്കലും അക്രമികളായ ഖുറയ്ശികൾക്ക് ബോധംവരുത്താനും അവരെ അവരുടെ യുദ്ധപരമായ നടപടികളിൽനിന്ന് അകറ്റാനും ഐക്യത്തിനും സമാധാനസ്ഥാപനത്തിനും വേണ്ടി അവരെ നിർബന്ധിതരാക്കുന്നതിനുള്ള ഒരു നല്ല മാർഗമായിരുന്നു. ഇക്കാലത്ത് ഇപ്രകാരം യുദ്ധങ്ങളെ തടയുന്നതിന് ചില രാജ്യങ്ങൾ സാംഗ്ഷൻസ്(മെിരശേീി) ഈടാക്കാറുണ്ട്. അതും തെറ്റായ സാംഗ്ഷൻസാ ണ് ഈടാക്കുന്നത്. അക്രമത്തിലൂടെയാണ് ഈടാക്കുന്നത്. പക്ഷേ, ഇതും ഇതേ രീതിയിലുള്ള സാംഗ്ഷൻസ് ഈടാക്കുന്നവരുടെ ഒരു പ്രവൃത്തിയായിരുന്നു. പിന്നെ ഈ കച്ചവടസംഘങ്ങളെ തടയുന്നതിന്റെ ഉദ്ദേശ്യം കൊള്ളയടിക്കലായിരുന്നില്ല. പ്രത്യുത വിശുദ്ധഖുർആനിൽ വ്യക്തമായും പറഞ്ഞിരിക്കുന്നു. ഈ പ്രത്യേക നടപടിയിൽ മുസ്‌ലിമീങ്ങളുടെ ആഗ്രഹം അവരുടെ സമ്പത്തുകൾ കാരണത്താലായിരുന്നില്ല പ്രത്യുത അതിന്നെതിരിൽ കുറഞ്ഞ ബുദ്ധിമുട്ടും കുറഞ്ഞ പ്രയാസവും ഉണ്ടാക്കുകയായിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)എം.എ, പേജ് 343-344)

എന്തായാലും നബി(സ)തിരുമേനി ഈ കച്ചവടസംഘത്തെ കുറിച്ച് അറിയുന്നതിനുവേണ്ടി തന്റെ രണ്ട് സ്വഹാബാക്കളെ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായേയും ഹദ്റത്ത് സയീദ് ബിൻ സയ്ദിനേയും മുമ്പേ അയച്ചു. ഈ രണ്ട് സ്വഹാബിമാരും മദീനയിൽനിന്നു പുറപ്പെട്ടു. അവർ ഈ കച്ചവടസംഘത്തെ സംബന്ധിച്ച് വിവരങ്ങൾ അറിഞ്ഞതിനുശേഷം മദീനയിൽ തിരിച്ചെത്തിയപ്പോൾ നബി(സ)തിരുമേനി അവിടെനിന്ന് പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലായി. അങ്ങനെ അവരിരുവരും ബദ്റിന്റെ ഭാഗത്തേക്ക് യാത്രയായി. എന്നാൽ, വഴിയിൽവെച്ച് നബി(സ) തിരുമേനിയെ കണ്ടുമുട്ടി. പക്ഷേ, ഈ കണ്ടുമുട്ടലുണ്ടായത് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും നബി(സ)തിരുമേനി അവർക്ക് ഗനീമത്ത് മുതലിൽനിന്ന് ഭാഗം നൽകി. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 203, ദാറുൽ കുതുബുൽഇൽമിയ്യ, ബയ്റൂത്ത് 2002)

മറുഭാഗത്ത് അബൂസുഫിയാന് അയാളുടെ ചാരന്മാരിൽനിന്ന്, നബി(സ)തിരുമേനി സ്വഹാബാക്കളേയുംകൊണ്ട് തന്റെ കച്ചവടസംഘത്തിനുമേൽ ആക്രമണം നടത്താൻ പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്ന വിവരം കിട്ടി. ഇങ്ങനെയും പറയപ്പെടുന്നുണ്ട്, അബൂ സുഫിയാനെ ഒരാൾ കണ്ടു. അയാൾ പറഞ്ഞു. നബി(സ) തിരുമേനി തുടക്കംമുതലേ ഈ കച്ചവടസംഘത്തിന്റെ വഴി മുടക്കാനാഗ്രഹിച്ചിരുന്നതാണെന്ന്! ഇപ്പോൾ അയാൾ നബി(സ) തിരുമേനിയുടെ വഴിയിൽ ഈ കച്ചവടസംഘം തിരിച്ചുവരുന്നത് കാത്തിരിക്കുകയാണ്.

ഈ വാർത്തകേട്ട് അബൂസുഫിയാൻ വളരെ ഭയന്നു. അയാൾ ളംളംബിൻ അംറ് ഗിഫാരി എന്നു പേരുള്ള ഒരാളെ, കുറച്ചു പ്രതിഫലം നൽകി മക്കയിലേക്ക് അയച്ചു. അയാളോടു പറഞ്ഞു: മക്കയിൽപോയി അവരോടു പറയുക മുഹമ്മദ് തന്റെ കൂട്ടുകാരോടൊപ്പം നിങ്ങളുടെ കച്ചവടസംഘത്തിനുമേൽ ആക്രമണം നടത്താൻ പുറപ്പെട്ടിരിക്കുന്നുവെന്ന്. ളംളം വളരെ വേഗത്തിൽ പുറപ്പെട്ടു. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 19) ദാറുൽകുതുബൽ ഇൽമിയ്യ ബെയ്റൂത്ത് 2002) അബൂസുഫിയാനിന്റെ ഈ ദൂതൻ മക്കയിലെത്തിയപ്പോൾ അയാൾ അറേബ്യയുടെ പാരമ്പര്യമനുസരിച്ച് അങ്ങേയറ്റം ഭയന്നുവിറച്ച അവസ്ഥയിൽ ശക്തമായി നിലവിളിക്കാൻ തുടങ്ങി. മക്കക്കാരേ! നിങ്ങളുടെ കച്ചവടസംഘത്തിനുമേൽ മുഹമ്മദും അനുയായികളും ആക്രമണം നടത്താൻ പുറപ്പെട്ടിരിക്കുന്നു. പോകുക, അവരെ രക്ഷിക്കുക. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)എം.എ, പേജ് 350, 1996 പതിപ്പ്)

മറുഭാഗത്ത് അബൂസുഫിയാൻ വലിയ സാമർഥ്യത്തോടുകൂടി വിവരങ്ങൾ ശേഖരിച്ചും മുസ്‌ലിമീങ്ങളുടെ ആ സൈന്യത്തിൽനിന്ന് രക്ഷപ്പെട്ടുംകൊണ്ട് യാത്ര ചെയ്യുകയായിരുന്നു. അയാൾ ബദ്റിന്റെ അരുവിയിലെത്തി. അയാൾ അവിടെ ഉണ്ടായിരുന്ന ഒരാളോടു ചോദിച്ചു: ആരെയെങ്കിലും താങ്കൾ ഇവിടെ കണ്ടുവോ? അയാൾ പറഞ്ഞു: ഇവിടെ രണ്ടാളുകൾ വന്നിരുന്നു. ആ കുന്നിന്റെ അടുത്തു തങ്ങളുടെ ഒട്ടകത്തെ ഇരുത്തി. വെള്ള മെടുത്തുപോയി. അബൂസുഫിയാൻ ഒട്ടകമിരുന്ന സ്ഥലത്തുപോയി. അവിടെ ഒട്ടകത്തിന്റെ ചാണകം കിടപ്പുണ്ടായിരുന്നു. അയാൾ ഒന്നെടുത്ത് പൊടിച്ചു. അതിൽ ഈന്തപ്പഴക്കുരു ഉണ്ടായിരുന്നു. അതുകണ്ട് അബൂസുഫിയാൻ പറഞ്ഞു: ഇത് യഥ്രിബിലെ തീറ്റയാണ്. മദീനക്കാർ ഇവിടെ അടുത്തുതന്നെ എവിടെയോ ഉണ്ടെന്ന് മനസ്സിലാക്കി. അങ്ങനെ അബുസുഫിയാൻവേഗം തന്റെ കച്ചവടസംഘത്തിലേക്ക് തിരിച്ചുവന്നു. തന്റെ കൂട്ടുകാരെ സാധാരണവഴിയിൽനിന്ന് മാറ്റി കടൽതീരത്തേക്ക് പുറപ്പെട്ടുപോയി. ബദ്റിനെ ഒരു ഉപേക്ഷിച്ച് വേഗം മുന്നോട്ടുപോയി. (അർറഹീഖുൽ മഖ്ത്തും(മുത്തർറജ്ജിം), പേജ് 282-283, മക്തബത്തുസ്സലഫിയ, ലാഹോർ 2000)

ഇതു സംബന്ധമായി ആത്തിക്ക ബിൻത് അബ്ദുൽമുത്വലിബിന്റെ അത്ഭുതകരമായൊരു സ്വപ്നമുണ്ട്. ആ സ്വപ്നം സത്യമായി പുലരുകയും ചെയ്തു. നബി(സ)തിരുമേനിയുടെ പിതൃസഹോദരിയാണ് ആത്തിക്ക ബിൻത് അബ്ദുൽമുത്വലിബ്. ആത്തിക്ക ഉമ്മുൽ മുഅ്മിനീൻ ഉമ്മു സൽമ(റ)യുടെ മാതാവായിരുന്നു. അവരുടെ ഇസ്‌ലാമത സ്വീകരണത്തെ കുറിച്ച് രണ്ട് അഭിപ്രായമുണ്ട്. ചിലർ പറയുന്നത് അവർ ഇസ്‌ലാം സ്വീകരിച്ചിരുന്നുവെന്നാണ്. പക്ഷേ, ഭൂരിഭാഗമാളുകളുടേയും അഭിപ്രായം അവർ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ലെന്നാണ്. ഏതായാലും അവർ അബൂസുഫിയാനിന്റെ ദൂതൻ ളംളം മക്കിയിലെത്തുന്നതിന് മൂന്നു രാത്രി മുമ്പേ ഒരു സ്വപ്നം കണ്ടു. അത് അവരെ വല്ലാതെ ഭയപ്പെടുത്തി. അവർ തന്റെ സഹോദരൻ അബ്ബാസ് ബിൻ അബ്ദുൽമുത്വലിബിനെ വിളിപ്പിച്ചു. എന്നിട്ടു പറഞ്ഞു:സഹോദരാ!അല്ലാഹുവാണ! ഞാൻ ഇന്നു രാത്രി ഒരു സ്വപ്നം കണ്ടു. അതെന്നെ വല്ലാതെ ഭയപ്പെടുത്തിയിരിക്കുന്നു. ഞാൻ ആശങ്കപ്പെടുന്നത് നിങ്ങളുടെ ജനതയ്ക്ക് തീർച്ചയായും എന്തോ വലിയൊരു ആപത്തോ മുസ്വീബത്തോ വരാൻ പോകുന്നുവെന്നാണ്. ഞാൻ പറയാൻ പോകുന്ന കാര്യം നീ രഹസ്യമാക്കിവെക്കണം. ഒരു നിവേദനത്തിലുണ്ട് ആത്തിക്ക അബ്ബാസിനോടു പറഞ്ഞു:നീ ഇത് ആരോടും പറയുകയില്ലെന്ന് സത്യം ചെയ്യാത്തിടത്തോളം ഞാൻ നിന്നോടു പറയുകയില്ല. കാരണം മക്കയിലെ ഖുറയ്ശികൾ ഇതു കേട്ടാൽ അവർ നമ്മളെ ബുദ്ധിമുട്ടിക്കും. നമ്മെ ചീത്ത പറയും. ഹദ്റത്ത് അബ്ബാസ്(റ)അവരോടു സത്യം ചെയ്തു. പിന്നീട് ഹദ്റത്ത് അബ്ബാസ്(റ)ചോദിച്ചു:നീ എന്താണ് കണ്ടത്?ആത്തിക്ക പറഞ്ഞു:ഞാൻ സ്വപ്നത്തിൽ കണ്ടു. ഒരാൾ ഒട്ടകപ്പുറത്ത് യാത്ര ചെയ്തു വന്നു. അബ്ത്വഹ് മൈതാനത്ത് നിന്നു. മക്കയേയും മദീനയേയും രണ്ടിനേയുമാണ് അബ്ത്വഹ് എന്നു പറയുന്നത്. ഇത് മിനായോടാണ് കൂടുതൽ അടുത്തത്. പിന്നീട് അയാൾ ഉച്ചത്തിൽ അലറിക്കൊണ്ടു പറഞ്ഞു:ജനങ്ങളേ നിങ്ങളുടെ വധസ്ഥലിയിലേക്ക് മൂന്നു ദിവസത്തിനുള്ളിൽ പോകുക. ആത്തിക്ക വിവരിക്കുന്നു:പിന്നീടു ഞാൻ കണ്ടു, ആളുകൾ അയാളുടെ ചുറ്റും കൂടി. പിന്നീട് അയാൾ ആ മസ്ജിദിൽ അതായത് കഅ്ബ ദേവാലയത്തിൽ പ്രവേശിച്ചു. ആളുകൾ അയാളുടെ പിന്നാലെ പോയി. ആളുകൾ അയാളുടെ ചുറ്റും കൂടിയപ്പോൾ ഞാൻ കണ്ടു, അയാളുടെ ഒട്ടകം അയാളേയുംകൊണ്ട് കഅ്ബയുടെ ടെറസ്സിൽ നില്ക്കുന്നു. പിന്നീട് അയാൾ അലറിക്കൊണ്ടു പറഞ്ഞു:ജനങ്ങളേ! നിങ്ങൾ മൂന്നു ദിവസത്തിനുള്ളിൽ നിങ്ങളുടെ വധസ്ഥലിയിലേക്ക് പോകുക. പിന്നീട് അയാളുടെ ഒട്ടകം അയാളേയും കൊണ്ട് അബൂഖുബയ്സ് മലയുടെ മുകളിൽനില്ക്കുന്നത് ഞാൻ കണ്ടു. അബൂഖുബയ്സിനെ കുറിച്ചെഴുതിയിരിക്കുന്നു, മക്കയുടെ കിഴക്കു ഭാഗത്തുള്ള പ്രസിദ്ധമാ യ മലയുടെ പേരാണ് അബൂഖുബയ്സ്. പിന്നീട് അവിടെനിന്നും അതുപോലെതന്നെ ഉറക്കെ വിളിച്ചു.പിന്നീട് അയാൾ ഒരു കല്ല് മലയിൽനിന്ന് താഴേക്ക് തൂക്കിയിട്ടു. താഴെ എത്തിയതോടെ അതു കഷണം കഷണമായിത്തീർന്നു. ആ കല്ലിന്റെ ക്ഷതം തട്ടാത്തതായ ഒരു വീടും മക്കയിലുണ്ടായിരുന്നില്ല.

ഇതുകേട്ട് ഹദ്റത്ത് അബ്ബാസ്(റ)ആത്തിക്കയോടു പറഞ്ഞു:അല്ലാഹുവാണ! ഈ സ്വപ്നം വളരെ സുപ്രധാനമാണ്. നീ ഇതു രഹസ്യമാക്കിവെക്കണം. അതിനെക്കാറിച്ച് ആരോടും ഒന്നും പറയരുത്. ഹദ്റത്ത് അബ്ബാസ്(റ)അതിനുശേഷം

**• കലാമുൽ ഇമാം: •**

**'ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.'**

**(മൽഫുദാത്ത് വാള്യം.1 പേജ്.220)**

ത്വാലിബെ ദുആ:
P. Abdul Ameer
Ahmadiyya Jama-ath Pathappiriyam, Kerala

**• തിരുനബിയുടെ തിരുമൊഴികൾ •**

**അബൂമസ്ഊദ് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു, നിങ്ങൾ നിരയൊപ്പിച്ച് നില്ക്കുക. ചിതറി നില്ക്കരുത്. ചിതറിനിന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ ഭിന്നിച്ചു പോകും**

**(മുസ്‌ലിം,ഹദീഥ് 267)**

ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215

ആത്തിക്കയുടെ വീട്ടിൽനിന്നു പുറപ്പെട്ടു. വഴിയിൽ വലീദ് ബിൻ ഉത്ബയെ കണ്ടു. ഇദ്ദേഹം ഹദ്റത്ത് അബ്ബാസിന്റെ കൂട്ടുകാരനായിരുന്നു. ഹദ്റത്ത് അബ്ബാസ്(റ)തന്റെ സഹോദരിയോടു ആരോടും പറയരുതെന്ന് പറഞ്ഞിരുന്നുവെങ്കിലും വലീദിനോടു അദ്ദേഹം ഇക്കാര്യം പറഞ്ഞു. എന്നാൽ, ആരോടും പറയരുതെന്ന് അദ്ദേഹം വലീദിനോടും പറഞ്ഞു. എന്നാൽ, ഒരിക്കൽ ഒരു കാര്യം പുറത്തായാൽ പിന്നീടത് നാട്ടിൽ പാട്ടാകുമല്ലോ. വലീദ് തന്റെ പിതാവ് ഉത്ബയോടു ഇക്കാര്യം പറഞ്ഞു. അങ്ങനെ അത് മക്കയിൽ വ്യാപിച്ചു. എവിടെയെങ്കിലും രണ്ടുപേർ ഇരുന്നിട്ടുണ്ടെങ്കിൽ ഇതിനെക്കുറിച്ചായിരിക്കും സംസാരം. അബ്ബാസ്(റ)പറയുന്നു: അടുത്ത ദിവസം രാവിലെ ഞാൻ കഅ്ബയിൽ ത്വവാഫ് ചെയ്യാൻ പോയപ്പോൾ അവിടെ അബൂജഹ്ൽ ഖുറയ്ശിലെ കുറച്ചു കൂട്ടുകാരോടൊപ്പം ഇരിപ്പുണ്ടായിരുന്നു. എന്നെ നോക്കിക്കൊണ്ടു പറഞ്ഞു:അബുൽഫള്ലേ!(ഇത് ഹദ്റത്ത് അബ്ബാസിന്റെ സംജ്ഞാനാമമാണ്), ത്വവാഫ് കഴിഞ്ഞാൽ എന്നെ കണ്ടിട്ടുപോകണം. ഹദ്റത്ത് അബ്ബാസ്(റ)പറയുന്നു: ഞാൻ ത്വവാഫ് കഴിഞ്ഞിട്ട് അയാളുടെ അടുത്തുപോയി. അപ്പോൾ അബൂജഹ്ൽ എന്നോടു പറഞ്ഞു: ബനൂ അബ്ദുൽമുത്വലിബേ!നിങ്ങളിൽ എപ്പോൾ മുതലാണ് നബിച്ചി ഉണ്ടാകാൻ തുടങ്ങിയത്?ഞാൻ പറഞ്ഞു: എന്താണ് ഉദ്ദേശിക്കുന്നത്? അയാൾ പറഞ്ഞു: നിങ്ങളുടെ പുരുഷന്മാർ നുബുവ്വത്ത് വാദിച്ചിരുന്നു. അതായത് നബി(സ)തിരുമേനിയെയാണ് അയാൾ സൂചിപ്പിച്ചത്. ഇപ്പോൾ നിങ്ങളുടെ സ്ത്രീകളും നുബുവ്വത്ത് വാദം പുറപ്പെടുവിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ ആത്തിക്ക എന്തു സ്വപ്നമാണ് കണ്ടത്? ഹദ്റത്ത് അബ്ബാസ്(റ)പറയുന്നു: ഞാൻ ചോദിച്ചു അവൾ എന്തുസ്വപ്നമാണ് കണ്ടത്. അബൂജഹ്ൽ പറഞ്ഞു: അവൾ പറയുന്നു, ഞാനൊരാൾ ഒട്ടകപ്പുറത്തുവരുന്നത് കണ്ടു. അയാൾ ഇങ്ങനെ ഇങ്ങനെയൊക്കെ വിളിച്ചു പറഞ്ഞു. പിന്നീട് ഒരു കല്ല് മലയിൽ നിന്ന് തൂക്കിയിട്ടു. ചുരുക്കിപ്പറഞ്ഞാൽ സ്വപ്നം മുഴുവൻ അവൾ വിവരിച്ചു. പിന്നീട് അബൂജഹ്ൽ പറഞ്ഞു: മൂന്നുദിവസംവരെ കാത്തിരിക്കുന്നതായിരിക്കും. സ്വപ്നത്തിൽ കണ്ടു ഈ സംഭവം നടക്കുകയാണെങ്കിൽ ശരി, ഇല്ലെങ്കിൽ നിങ്ങൾ അവിടെയും ഇവിടെയുമൊക്കെ ഏറ്റവുമധികം കളവു പറഞ്ഞു നടക്കുന്നവരാണെന്ന് പറഞ്ഞ് ഞാനൊരു വിളംബരമെഴുതി കഅ്ബയിൽ തൂക്കുന്നതാണ്! ഹദ്റത്ത് അബ്ബാസ്(റ)പറയുന്നു:അല്ലാഹുവാണ! എനിക്കു നിരാലംബതയോടെ ആ സ്വപ്നത്തെ കളവാക്കേണ്ടതായി വന്നു. അയാളോടു ഞാൻ പറഞ്ഞു, അവൾ ഒരു സ്വപ്നവും കണ്ടിട്ടില്ല. അങ്ങനെ അവൾ എന്തെങ്കിലും സ്വപ്നം കണ്ടുവെന്നത് ഞാൻ നിഷേധിച്ചു. പിന്നീട് ഞങ്ങളിരുവരും ആ മജ്ലിസിൽ നിന്നെഴുന്നേറ്റു പോയി. വൈകുന്നേരം ഞാൻ വീട്ടിൽ പോയപ്പോൾ ബനൂ അബ്ദുമുത്വലബിലെ എല്ലാ സ്ത്രീകളും എന്റെയടുത്തു വന്നു. എന്നോടു പറഞ്ഞു, മുമ്പേ ആ ദുഷ്ടനും തെമ്മാടിയും നിങ്ങളുടെ പുരുഷന്മാരുടെമേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരുന്നു. അപ്പോൾ നിങ്ങളതു ക്ഷമിച്ചു. ഇപ്പോൾ സ്ത്രീകളേയും ചീത്ത പറയുന്നു. നിങ്ങൾ മൗനമായി കേട്ടുകൊണ്ടിരിക്കുന്നു. അയാളുടെ പാഴ്വാക്കിന് ഒരു മറുപടിയും നല്കിയില്ല. നിങ്ങളുടെ ആത്മാഭിമാനം എവിടെപ്പോയി? കുടുംബത്തിലെ സ്ത്രീകൾ അദ്ദേഹത്തെ അൽപം ദ്വേഷം പിടിപ്പിച്ചു. അബ്ബാസ് പറയുന്നു:ഞാൻ പറഞ്ഞു, അല്ലാഹുവാണ! ഞാൻ അങ്ങനെതന്നെയാണ് ചെയ്തത്. എന്റെ അഭിപ്രായത്തിൽ അതിനെക്കാൾ വലിയ കുറ്റമില്ല. അല്ലാഹുവാണ!ഞാനിപ്പോൾത്തന്നെ അവന്റെ അടുത്തുപോകും. ഇനി അവൻ അത്തരം കാര്യമെന്തെങ്കിലും പറഞ്ഞാൽ അവന്റെ ജോലി അവസാനിപ്പിക്കുന്നതിനുവേണ്ടി നിങ്ങളുടെ ഭാഗത്തുനിന്ന് അവനോടു പകരം വീട്ടുന്നതായിരിക്കും.

ഹദ്റത്ത് അബ്ബാസ്(റ)പറയുന്നു:ആത്തിക്ക കണ്ട സ്വപ്നത്തിനു മൂന്നാം ദിവസം ഞാൻ രാവിലെ വീട്ടിൽനിന്നിറങ്ങി. ഞാൻ വലിയ ദ്വേഷത്തിലായിരുന്നു. എന്നിൽനിന്ന് പറ്റിയ വീഴ്ചയ്ക്ക് ഞാൻ പകരം വീട്ടുന്നതാണ്. അങ്ങനെ ഞാൻ മസ്ജിദിൽ പ്രവേശിച്ചപ്പോൾ അബൂജഹ്ലിനെ കണ്ടു. അയാൾ അധ്വാനിയും നാവിനു നല്ല മൂർച്ചയുള്ള ആളുമായിരുന്നു. അല്ലാഹുവാണ! മുമ്പേ പറഞ്ഞതുപോലെ ഇനിയെന്തെങ്കിലും അവൻ പറഞ്ഞാൽ അവന്റെ കണക്ക് സമാസമം തീർക്കണമെന്ന ഉദ്ദേശ്യത്തോടെ അവന്റെ അടുത്തേക്ക് നീങ്ങിയപ്പോൾ ഞാൻ കാണുന്നത് അബൂജഹ്ൽ ഓടി കഅ്ബയുടെ വാതിൽക്കലേക്ക് പോകുന്നതാണ്. അവനിൽ അല്ലാഹുവിന്റെ ലഅ്നത്തുണ്ടാവട്ടെ എന്ന് ഞാൻ വിചാരിച്ചു. ഭയന്നോടാൻ അവനെന്താണ് സംഭവിച്ചത്. ഞാനവനെ ചീത്തയൊന്നും പറഞ്ഞില്ലല്ലോ? കാരണമെന്താണെന്നാൽ നബി (സ)തിരുമേനിയും സ്വഹാബത്തും പുറപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ചില യാത്രക്കാർ മുഖേന അറിയാനിടവന്ന അബൂ സുഫ് യാൻ ഭയക്കുകയും ഉടനെതന്നെ ളംളം ബിൻ അംറ് ഗിഫാരി എന്നയാളെ മക്കയിൽ വിവരം എത്തിക്കുവാൻ അയക്കുകയും ചെയ്തു. അയാൾ അബൂസുഫ്യാനിന്റെ നിർദേശാനുസരണം മക്കയിൽ പ്രവേശിച്ചതുതന്നെ കുപ്പായം കീറിയും ഒട്ടകത്തിന്റെ മൂക്കു മുറിച്ചും ഒട്ടകക്കട്ടിൽ മറിച്ചിട്ടും ഭയങ്കരശബ്ദം പുറപ്പെടുവിച്ചും കൊണ്ടായിരുന്നു. മുഹമ്മദും കൂട്ടുകാരും അബൂസുഫിയാനിന്റെ കച്ചവട സംഘത്തെ കൊള്ളയടിക്കുവാൻ പുറപ്പെട്ടിരിക്കുകയാണ്. രക്ഷയോടുകൂടി നിങ്ങളവരെ കണ്ടെത്തുമോയെന്ന് സംശയമാണ്. സഹായത്തിന്നൊരുക്കമുണ്ടെങ്കിൽ ഉടനെ പുറപ്പെടണം. എന്തായാലും അബ്ബാസ് പറയുന്നു, ഈ പുതിയ അപകടം എന്നേയും അയാളേയും എത്രമാത്രം വ്യാപൃതരാക്കിയെന്നാൽ ഞങ്ങൾക്ക് ആ ആദ്യത്തെകാര്യത്തിൽ ശ്രദ്ധിക്കാനെ പറ്റിയില്ല. (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 416-417, ഗസ്വത്തു ബദ്റുൽ കുബ്റ/ദിക്റു റുഅ്യ ആത്തിക്ക ബിൻത് അബ്ദുൽ മുത്വലിബ് ദാറുൽകുതുബുൽ ഇൽമിയ്യ 2001)(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 198, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2002)(കിതാബുൽമഗാസി ലിൽവാഖിദി, ഭാഗം 1, പേജ് 30, പ്രസാധനം ആലമുൽ കുതുബ് ബെയ്റുത്ത് 1984)(അൽഇസ്വാബ, വാള്യം 8, പേജ് 229, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)(ഉസുദുൽഗാബ, വാള്യം 7, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2016)(മുഅ്ജമുൽ ബുൽദാൻ, വാള്യം 1, പേജ് 95, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത്, പേജ്, 230, സവാർ അക്കാഡമി കറാച്ചി 2003)

മക്കയിലെ ഖുറയ്ശികൾ ളംളമിന്റെ അലർച്ച കേട്ടപ്പോൾ വളരെ കോപാകുലരായി. ആളുകളെ യുദ്ധത്തിനുവേണ്ടി പ്രേരിപ്പിക്കാൻ തുടങ്ങി. അവർ പറഞ്ഞു, മുഹമ്മദും അയാളുടെ കൂട്ടുകാരും കരുതുന്നുണ്ടോ ആ ഇബ്നു ഹള്റമിയുടെ കച്ചവട സംഘം പോലെയാണ് ഇതെന്ന്. ഒരിക്കലുമല്ല. ദൈവത്താണ! അവർക്കു മനസ്സിലാകും, ഇവർ അങ്ങനെയുള്ളവരല്ലെന്ന്.


അംറ് ബിൻ ഹള്റമിയുടെ കച്ചവട സംഘത്തിന്റേയും മുസ്ലിമീങ്ങളുടെ കൈയാൽ അയാൾ വധിക്കപ്പെട്ടതിനേയും സംബന്ധിച്ചുള്ള വിവരണം സരിയ്യ അബ്ദുല്ലാഹ് ബിൻ ജഹ്ശിൽ വിവരിച്ചുകഴിഞ്ഞതാണ്. ഇതിൽ മുസ്ലിമീങ്ങൾ വളരെ എളുപ്പമാണ് ഹള്റമിയെ വധിച്ചത്. അയാളും സമ്പത്തിലുംസാധനങ്ങളിലും പിടിച്ചുനിന്നു. എന്തായാലും ഇപ്പോൾ മക്കയിലെ ഖുറയ്ശികൾ മുസ് ലിമീങ്ങൾക്കെതിരിൽ തയ്യാറെടുപ്പ് തുടങ്ങി. എല്ലാവരും യുദ്ധത്തിന് തനിച്ചിറങ്ങുകയായിരുന്നു അല്ലെങ്കിൽ തങ്ങളുടെ സ്ഥാനത്ത് സ്വന്തം ചെലവിൽ പകരം ആരെയെങ്കിലും അയക്കുകയായിരുന്നു. അവരുടെ ഒരിലനേതാവ് പറഞ്ഞു: മുഹമ്മദോ അയാളുടെ സാബിയായ കൂട്ടുകാരോ യഥ്രിബുകാരെ! നിങ്ങളെ കൊള്ളയടിച്ചുകൊ ണ്ടുപോകാൻ നിങ്ങളനുവദിക്കുമോ? ആർക്കാണോ പണത്തിന്റെ ആവശ്യമുള്ളത് എന്റെ ധനം അവരുടെ മുമ്പിൽ വെച്ചിട്ടുണ്ട്. ആർക്കാണോ ഭക്ഷണവും പാനീയവും ആവശ്യമുള്ളത് അതിവിടെയുമുണ്ട്.എവിടെയെങ്കിലും ഇതു ചെലവഴിച്ചുകൊള്ളുക എന്നു പറഞ്ഞ് ചിലർ 200 ദീനാറും ചിലർ 300 ദീനാറും ചിലർ 500 ദീനാറും നല്കി. ചിലർ യുദ്ധത്തിന് പോകുന്നവരുടെ വീട്ടുകാരുടെ ചെലവുകളും വഹിക്കാൻ തയ്യാറായി. സ്വയം യുദ്ധത്തിനു പോകാൻ കഴിയാത്തവർ തങ്ങളുടെ സ്ഥാനത്ത് സ്വന്തം ചെലവിൽ മറ്റാരെയെങ്കിലും അയച്ചു. ഇപ്രകാരം രണ്ടോ മൂന്നോ ദിവസംകൊണ്ട് യുദ്ധത്തിനുള്ളതയ്യാറെടുപ്പ് പൂർത്തിയായി.(സുബുലുൽ ഹുദാ വർറശാദ്, വാള്യം 4, പേജ് 21, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)

ഇവിടെ ഇതും ഓർക്കേണ്ടതുണ്ട്. എത്രയും വേഗമെത്താൻ അയാൾ വിളംബരം ചെയ്തിരുന്നു. പക്ഷേ, രണ്ടുമൂന്നു ദിവസം അവർ യുദ്ധത്തിന് നല്ലവണ്ണം തയ്യാറെടുപ്പ് നടത്തി. ഈ തയ്യാറെടുപ്പു തന്നെ പറയുന്നത് മക്കയിലെ അവിശ്വാസികൾ മുസ്ലിമീങ്ങളോടു കൃത്യമായി യുദ്ധം ചെയ്യാനുള്ള തന്ത്രം അന്വേഷിക്കുകയായിരുന്നുവെന്നാണ്. കച്ചവടസംഘത്തെ മാത്രം രക്ഷിക്കുകയാണ് ഉദ്ദേശ്യമെങ്കിൽ വിവരം കിട്ടിയുടനെ അവരെത്തുമായിരുന്നു. കിട്ടുന്ന ആയുധവുമെടുത്ത് ഓടിയെത്തുമായിരുന്നു. പക്ഷേ, അങ്ങനെയൊന്നുമുണ്ടായില്ല. പക്ഷേ അവർ കച്ചവട സംഘത്തെ രക്ഷിക്കുന്നതിനു പകരം യുദ്ധത്തിന് തയ്യാറെടുക്കുകയായിരുന്നു.

പിന്നീട് ഖുറയ്ശീ നേതാക്കന്മാരെ കുറിച്ച് എഴുതിയിരിക്കുന്നു. ഖുറയ്ശികളും അഞ്ചു നേതാക്കന്മാരും ഉമയ് ബിൻ ഖലഫ്, ഉത്ബ ബിൻ റബീഅ,

## • കലാമുൽ ഇമാം: •

ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയ്ക്കല്ല. പ്രത്യുത, നബി(സ)യുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചു കൊണ്ട്
(മൽഫൂദാത്ത് വാള്യം.3 പേ.38)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • തിരുനബിയുടെ തിരുമൊഴികൾ •

അബൂഹുറൈറ നിവേദനം. നബി(സ) പറഞ്ഞു: വിശ്വാസികളെ വിഷമിപ്പിക്കലാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരവേളയിലും ദന്തശുദ്ധി വരുത്താൻ ഞാൻ അവരോടു കൽപിക്കുമായിരുന്നു.
(മുസ്ലിം ഹദീഥ് 270)


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ശെയ്ബ ബിൻ റബീഅ, സംഅ ബിൻ അസ് വദ്, ഹക്കീം ബിൻ ഹിസ്സാം തുടങ്ങിയവർ യുദ്ധത്തിന് പോകണോ വേണ്ടേ എന്നറിയാൻ അമ്പുകൊണ്ട് നറുക്കിട്ടു. ഇതിൽ യുദ്ധത്തിനു പോകണ്ട എന്ന നറുക്കാണ് വീണത്. അതായത് അമ്പിൽ പോകണോ വേണ്ടേ എന്നെഴുതിയിട്ടാണ് നറുക്കിട്ടിരുന്നത്. അതുകൊണ്ട് അവരെല്ലാവരും കൂടി യുദ്ധത്തിന് പോകണ്ട എന്നു തീരുമാനിച്ചു. എന്നാൽ, പിന്നീട് അവരുടെ അടുത്ത് അബൂജഹ്ൽ വന്നു. അയാൾ അവരെ കൂടെക്കൊണ്ടുപോകാൻ നിർബന്ധിച്ചു. ഉത്ബയുടേയും ശെയ്ബയുടേയും അടിമ അവരോടു പറഞ്ഞു, ദൈവത്താണ്!നിങ്ങളിരുവരും യുദ്ധത്തിലല്ല പ്രത്യുത നിങ്ങളുടെ വധസ്ഥലിയിലേക്കാണ് പോകുന്നത്.

അപ്പോൾ അവരിരുവരും യുദ്ധത്തിന് പോകുന്നില്ലെന്ന് തീരുമാനിച്ചു. എന്നാൽ, അബൂജഹ്ൽ എത്രമാത്രം നിർബന്ധിച്ചുവെന്നാൽ അവസാനം വഴിയിൽനിന്ന് തിരിച്ചുവരാമെന്ന ഉദ്ദേശ്യത്തോടെ അവരോടൊപ്പം പോകാൻ തയ്യാറായി.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 200, ദാറുൽ കുതുബുൽ ഇൽമിയ്യ ലബ്നാൻ 2002)

യുദ്ധത്തിനുവേണ്ടിയുള്ള അവിശ്വാസികളുടെ തയ്യാറെടുപ്പ്, പുറപ്പാടിന്റെ കൂടുതൽ വിശദീകരണം, അതിലെ സംഭവങ്ങൾ ഇൻശാ അല്ലാഹ് തുടർന്ന് വിവരിക്കുന്നതാണ്.

# മനുഷ്യന്റെ മൂന്നവസ്ഥകൾ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)**

ഒന്നാമത്തെ വിഷയം മനുഷ്യന്റെ ശാരീരികവും ധാർമികവും ആധ്യാത്മികവുമായ അവസ്ഥകളെപ്പറ്റിയുള്ളതാണ്. അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥമായ വിശുദ്ധ ഖുർആൻ ഈ മൂന്നവസ്ഥകൾക്കും ഓരോരോ പ്രഭവസ്ഥാനം നിശ്ചയിച്ചുകൊണ്ട് അവയെ വിഭജിച്ചിരിക്കുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ, വെവ്വേറെ അവസ്ഥകൾ പുറപ്പെടുന്ന മൂന്ന് ഉറവകളായി വിശേഷിപ്പിച്ചിരിക്കുന്നു.

**ദോഷപ്രവണമായ ആത്മാവ്**

എല്ലാ ശാരീരികാവസ്ഥകളുടെയും പ്രഭവസ്ഥാനമായ ആദ്യ ഉറവിടത്തെ വിശുദ്ധ ഖുർആൻ *നഫ്സെ അമ്മാറ* അഥവാ ദോഷപ്രവണമായ ആത്മാവ് എന്നാണ് പേരു വച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു: *ഇന്ന നഫ്സ ലഅമ്മാറത്തുൻ ബിസ്സൂഇ*
അതായത്, മനുഷ്യന്റെ ഔന്നത്യത്തിനും അവന്റെ ധാർമികാവസ്ഥകൾക്കും വിരുദ്ധമായി തിന്മയിലേക്ക് പ്രേരിപ്പിക്കുകയും അഹിതവും അസാന്മാർഗികവുമായ മാർഗങ്ങളിൽ വഴിനടത്തുകയും ചെയ്യുന്നു എന്നതാണ് *നഫ്സെ അമ്മാറ*യുടെ പ്രത്യേകത. ചുരുക്കത്തിൽ, അമിതാസക്തികളിലേക്കും അധാർമികതകളിലേക്കും തിരിയുക എന്നത് ധാർമികാവസ്ഥയ്ക്കു മുൻപ് മനുഷ്യനിൽ പ്രകൃത്യാ ആധിപത്യം പുലർത്തുന്ന ഒരവസ്ഥയാകുന്നു. മനുഷ്യൻ യുക്തിയുടെയും വിവേകജ്ഞാനത്തിന്റെയും തണലിൽ വരാതെ, നാൽക്കാലികളെപ്പോലെ തിന്നുക, കുടിക്കുക, ഉറങ്ങുക, ഉണരുക, കോപതാപങ്ങൾ കാണിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഇന്ദ്രിയാശകളെ പിൻപറ്റുവോളം പ്രസ്തുത അവസ്ഥ ശാരീരികാവസ്ഥ എന്നു വിളിക്കപ്പെടുന്നു. യുക്തിയും വിവേകജ്ഞാനവും കൊണ്ട് മനുഷ്യൻ ശാരീരികാവസ്ഥകളെ നിയന്ത്രിക്കുകയും ശരിയായ നിലയിൽ അവയെ ക്രമീകരിക്കുകയും ചെയ്യുന്നതോടെ പ്രസ്തുത മൂന്നവസ്ഥകളും ശാരീരികാവസ്ഥ എന്നു വിളിക്കപ്പെടുകയില്ല. മറിച്ച്, ഈ അവസ്ഥകൾ അന്നേരം ധാർമികാവസ്ഥകളായിത്തീരുന്നു. ഇതേക്കുറിച്ച് വഴിയേ വിവരിക്കാം.

**സ്വയംശാസകാത്മാവ്**

രണ്ടാമത്തെ ഉറവിടമായ ധാർമികാവസ്ഥയെ വിശുദ്ധ ഖുർആൻ *നഫ്സെ ലവ്വാമ* അഥവാ സ്വയംശാസകാത്മാവ് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതു പറയുന്നു: *വലാ ഉഖ്സിമു ബിന്നഫ്സില്ലവ്വാമ* അതായത് സകല തിന്മകളിലും തെറ്റുകുറ്റങ്ങളിലും സ്വയംശാസിക്കുന്ന ആത്മാവിനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. മനുഷ്യാവസ്ഥകളുടെ രണ്ടാമത്തെ ഉറവിടമായ ഈ *നഫ്സെ ലവ്വാമ* അഥവാ സ്വയംശാസകാത്മാവിൽ നിന്നാണ് ധാർമികാവസ്ഥകൾ പിറവി കൊള്ളുന്നത്. ഈ ഘട്ടത്തിൽ മനുഷ്യൻ മൃഗസമാനമായ അവസ്ഥയിൽനിന്ന് മോക്ഷം പ്രാപിക്കുന്നു. ഇവിടെ *നഫ്സെ ലവ്വാമ* കൊണ്ട് സത്യം ചെയ്തിരിക്കുന്നത് അതിനെ ആദരിക്കുന്നതിനുവേണ്ടിയാണ്. അതായത്, ദോഷപ്രവണമായ ആത്മാവിൽനിന്ന് സ്വയംശാസിക്കുന്ന ആത്മാവായിത്തീർന്ന് അഭിവൃദ്ധി പ്രാപിച്ചതിനാൽ ദൈവസമക്ഷം അത് ആദരവിന് അർഹമായി. മനുഷ്യനെ തെറ്റുകുറ്റങ്ങളിൽ അപലപിച്ചുകൊണ്ട്, അനിയന്ത്രിതമായ വികാരങ്ങൾക്ക് വിധേയനായി നാല്ക്കാലികളെപ്പോലെ ജീവിതംനയിക്കാൻ അവനെ വിടാതിരിക്കുന്നതുകൊണ്ടാണ് അതിന് *ലവ്വാമ* എന്ന് പേരു വച്ചിരിക്കുന്നത്. അവനിൽനിന്ന് നല്ല അവസ്ഥകളും സദ്സ്വഭാവങ്ങളും നിർഗമിക്കണമെന്നാണ് അത് ആഗ്രഹിക്കുന്നത്. മനുഷ്യജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും ഒരുവിധ നിയന്ത്രണമില്ലായ്മയും പ്രകടമാകരുത്. ഇന്ദ്രിയാശകളും അഭിലാഷങ്ങളും യുക്തിബോധത്താൽ പ്രേരിതമായി വെളിപ്പെടുകയാണ് വേണ്ടത്. അങ്ങനെ ദുഷ്കൃത്യങ്ങളെ അപലപിക്കുന്നതിനാൽ അതിന് *നഫ്സെ ലവ്വാമ* അഥവാ സ്വയംശാസകാത്മാവ് എന്നു പേരായി. *നഫ്സെ ലവ്വാമ* ഇന്ദ്രിയാശകളെ ഇഷ്ടപ്പെടാതെ അവയെ ചൊല്ലി ശാസിച്ചു കൊണ്ടിരിക്കുന്നുവെങ്കിലും സത്പ്രവൃത്തികൾ പൂർണമായി നിർവഹിക്കാൻ അത് സമർഥമല്ലതന്നെ. ഇന്ദ്രിയാശകൾ ചിലനേരത്ത് കീഴ്പ്പെടുത്തുന്നതോടെ അതിന് വീഴ്ചയും ഇടർച്ചയും സംഭവിക്കുന്നു. വീഴാതെ എഴുന്നേറ്റു നിൽക്കാൻ ഭാവിക്കുന്നെങ്കിലും അതിനു ശക്തിയില്ലാതെ വീണുപോകുകയും തന്റെ ശക്തിയില്ലായ്മയിൽ ഖേദിക്കുകയും ചെയ്യുന്ന ദുർബലനായ ഒരു കുഞ്ഞിനോട് അതിനെ ഉപമിക്കാം. ചുരുക്കത്തിൽ, ഉന്നതധാർമികഗുണങ്ങളെ തന്നിൽ സ്വരൂപിച്ച് ധിക്കാരത്തെ വെറുക്കുന്നുവെങ്കിലും പൂർണവിജയം പ്രാപിക്കാനാവാത്ത ആത്മാവിന്റെ അവസ്ഥയാണ് ധാർമികാവസ്ഥ.

**ശാന്തിപ്രാപിച്ച ആത്മാവ്**

മൂന്നാമതൊരു ഉറവിടമുണ്ട്. ആധ്യാത്മികാവസ്ഥകളുടെ പ്രഭവസ്ഥാനം എന്നാണ് അതിനെ വിളിക്കേണ്ടത്. *നഫ്സെ മുത്മയിന്ന* അഥവാ ശാന്തി
പ്രാപിച്ച ആത്മാവ് എന്ന് വിശുദ്ധ ഖുർആൻ അതിന് പേരു വച്ചിരിക്കുന്നു. അവൻ പറയുന്നു: *യാ അയ്യത്തുഹന്നഫ്സുൽ മുത്മയിന്ന ഇർജിആ ഇലാ റബ്ബിക്ക റാളിയത്തൻ മർളിയ്യ. ഫദ്ഖുലീ ഇബാദീ വദ്ഖുലീ ജന്നത്തീ.*അതായത്, ദൈവത്തിൽ അനുഭൂതി ദർശിച്ച അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ! തന്റെ നാഥനിലേക്ക് നീ അവനിലും അവൻ നിന്നിലും തൃപ്തിയടഞ്ഞുകൊണ്ട് മടങ്ങുക. എന്റെ ദാസരിൽ ചേരുകയും എന്റെ ആരാമത്തിൽ പ്രവേശിക്കുകയും ചെയ്യുക.

ആത്മാവ് തന്റെ സമസ്ത ദൗർബല്യങ്ങളിൽനിന്ന് മുക്തി പ്രാപിച്ചുകൊണ്ട് ആധ്യാത്മികശക്തികളാൽ നിറയുന്ന ഘട്ടമാണിത്. ദൈവമില്ലാതെ ജീവിക്കാൻ കഴിയാത്തവിധം അത് അവനോട് ബന്ധം സ്ഥാപിക്കുന്നു. മുകളിൽനിന്ന് ഒഴുകി വരുന്ന വെള്ളം ആധിക്യവും തടസ്സങ്ങളുടെ അഭാവവും നിമിത്തം ശക്തമായി പ്രവഹിക്കുന്നതുപോലെ അതു ദൈവത്തിലേക്ക് ഒഴുകിക്കൊണ്ടേ പോകുന്നു. 'ദൈവത്തിൽ അനുഭൂതി ദർശിച്ച ആത്മാവേ! അവനിലേക്ക് മടങ്ങിപ്പോവുക' എന്ന ദൈവികവചനം ഇതാണ് സൂചിപ്പിക്കുന്നത്. അങ്ങനെ അവൻ മരണാനന്തരമല്ല, ഈ ജീവിതത്തിൽതന്നെ മഹത്തായൊരു പരിവർത്തനം സംജാതമാക്കുന്നു. മറ്റെവിടെയുമല്ല, ഇഹലോകത്തുതന്നെ ഒരു സ്വർഗം അവന് ലഭിക്കുന്നു. ഈ വചനത്തിൽ 'തന്റെ നാഥനിലേക്ക് അഥവാ പരിപാലകനിലേക്ക് മടങ്ങി വരൂ' എന്ന് എഴുതിയിരിക്കുന്നതനുസരിച്ച് അത് ദൈവത്താൽ പരിപാലിക്കപ്പെടുകയും ദൈവസ്നേഹം അതിന്റെ പോഷണമായിത്തീരുകയും ചെയ്യുന്നു. ജീവൽദായകമായ ഇതേ ഉറവിടത്തിൽനിന്ന് ജലപാനം ചെയ്യുന്നതിനാൽ മരണത്തിൽനിന്ന് മുക്തി പ്രാപിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു പറയുന്നു: *ഖദ് അഫ്‌ലഹ മൻ സക്കാഹാ വഖദ് ഖാബ മൻ ദസ്സാഹാ.*.അതായത് ലൗകികേച്ഛകളിൽനിന്ന് സ്വാത്മാവിനെ ശുദ്ധീകരിച്ചവൻ രക്ഷപ്രാപിച്ചു. അവൻ നശിക്കുകയില്ല. എന്നാൽ ഇന്ദ്രിയാശകളിൽ നിമഗ്നനായിരിക്കുന്നവൻ ജീവിതത്തെ ചൊല്ലി നിരാശനായി തീരും.

(ഇസ്‌ലാമീ ഉസൂൽ കി ഫിലാസഫീ, റൂഹാനി ഖസായിൻ വാള്യം.10 പേജ. 316-319)

**തർജമ: ആരിഫ് മുഹമ്മദ് ബി. എം**

(ശേഷം പേജ് 12ൽ)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

**(2015 മെയ്, ജൂൺ)** വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**വാല്യം 8 ലക്കം 25 പേജ് 12 കോളം 2-ൽ നിന്ന് തുടർച്ച.....**

.സമാധാന സന്ദേശത്തിന്റെ ലഘുലേഖകൾ ലക്ഷങ്ങളും കോടികളും ജനങ്ങളിലേക്ക് എത്തിച്ചതു പോലെ അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള ലഘുലേഖകളും ലക്ഷക്കണക്കിന് കോടിക്കണക്കിന് ജനങ്ങളിൽ എത്തിക്കേണ്ടതാണ്. ഇതുമുഖേന നമുക്ക് അനുകൂലമായി സംസാരിക്കുന്ന ആളുകളും ഈ സമൂഹത്തിലുണ്ടാകാൻ സാധ്യതയുണ്ട്. പക്ഷേ, പിന്നീട് അവർ എതിരിൽ വന്നാലും അതുകൊണ്ട് പ്രശ്നമൊന്നുമില്ല. ഇവിടുത്തെ ഭൂരിപക്ഷവും വിദ്യാസമ്പന്നരാണ്. മതത്തിന്റെ കാര്യത്തിൽ ബലാൽക്കാരമില്ലെന്ന നമ്മുടെ സന്ദേശവും അവർ മനസ്സിലാക്കുന്നു. നമുക്ക് ആരുമായും ഏറ്റുമുട്ടേണ്ടതില്ല. നല്ലതെന്ന് മനസ്സിലാക്കുന്നതിനെ സ്വന്തം സ്നേഹിതർക്ക് എത്തിച്ചു കൊടുക്കുക എന്നതാണ് നമ്മുടെ ജോലി. ഞാൻ പറഞ്ഞതുപോലെ ഇത് നമുക്കുമേൽ വന്നിരിക്കുന്ന ഉത്തരവാദിത്വമാണ്.

ഞാൻ പാരായണം ചെയ്ത വചനങ്ങൾ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തുന്നതാണ്. അതെങ്ങനെ നിർവഹിക്കണമെന്ന രീതിയും പറയുന്നു. അത് ചെയ്യുന്നവരുടെ സ്വന്തം നിലവാരമെന്തായിരിക്കണമെന്നും നിഷ്കർഷിക്കുന്നു. സ്വന്തം പരിപാലകനിലേക്ക് യുക്തിയോടെയും സദുപദേശത്തോടെയും ക്ഷണിക്കുക എന്നും ഏറ്റവും നല്ല തെളിവോടുകൂടി ചർച്ച ചെയ്യണമെന്നും നിസ്സംശയം സ്വന്തം നാഥൻ മാത്രമാണ് ആരാണ് വഴിതെറ്റിയവരെന്നും ആരാണ് സന്മാർഗം പ്രാപിച്ചവരെന്നും ഏറ്റവും നല്ലവണ്ണം അറിയുകയെന്നുമാണ് ആദ്യ വചനത്തിന്റെ അർഥം.

അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിനേക്കാളും തദനുസരിച്ചുള്ള സൽപ്രവർത്തനങ്ങളേക്കാളും സമ്പൂർണ അനുസരണം പുലർത്തുന്നവരാണെന്ന് സ്വയം പ്രഖ്യാപിക്കുന്നവരേക്കാളും ഉത്തമരായവർ മറ്റാരാണുള്ളതെന്നുമാണ് അടുത്ത വചനത്തിൽ വിവരിക്കുന്നത്.

പ്രചാരണം യുക്തിപൂർവ്വം ചെയ്യണമെന്നാണ് ആദ്യത്തെ വചനത്തിൽ പറയുന്നത്. ഹിക്മത്ത് അഥവാ യുക്തി എന്നാലെന്താണ്. ഇതിന്റെ പൊതുവായ അർഥം ബുദ്ധിപൂർവ്വം എന്നാണ്. അതായത് ആലോചനയോടും ചിന്തയോടുംകൂടി സംസാരിക്കുക. ഇതിനുവേറേയും പദാർഥങ്ങളുണ്ട്. ശാസ്ത്രീയമോ ഇതരമോ ആയ അറിവിനേയും നീതിയേയും സമത്വത്തേയും ഇതരർ ഏല്പ്പിക്കുന്ന തെറ്റുകളെ ക്ഷമിച്ചുകൊടുക്കുന്നതിനേയും ധീരത കാണിക്കുന്നതിനേയും ദയ പുലർത്തുന്നതിനേയും യുക്തി എന്നു പറയുന്നു. സ്വന്തം വ്യക്തിത്വത്തിൽ പക്വത പ്രാപിക്കുന്നതിനും പറയുന്ന ഏതു കാര്യത്തിലും ദൃഢ വിശ്വാസമുണ്ടാകുന്നതിനും സന്ദർഭവും സാഹചര്യവും നോക്കി സത്യം വെളിപ്പെടുത്തുന്നതിനും യുക്തി എന്ന് പറയുന്നു.

അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ ജനങ്ങളുടെ വിഭിന്ന സ്വഭാവങ്ങൾക്കനുസരിച്ച് വിവിധ മാർഗേണ പ്രചാരണം നടത്തേണ്ടിവരും. ഒരേ രീതിയിൽത്തന്നെ എല്ലാവർക്കും സന്ദേശമെത്തിക്കാൻ സാധിക്കാറില്ല. ചിലർ വിദ്യാസമ്പന്നരായിരിക്കും. ചിലർ സ്വന്തം മതവിശ്വാസങ്ങളിൽ കഠിന സ്വഭാവികളായിരിക്കും. ചിലർ ശാസ്ത്രീയ തെളിവുകൾ ആഗ്രഹിക്കുന്നവരായിരിക്കും. മറ്റു ചിലർ വൈകാരിക മാർഗങ്ങളിൽ സ്വാധീനിക്കപ്പെടുന്നു. ചിലർ സൽസ്വഭാവങ്ങളിൽ ആകർഷിതരാകുന്നു. ഇങ്ങനെ വിവിധ മാർഗങ്ങളുണ്ട്. അറിവിലും ശാസ്ത്രത്തിലും തൽപരരായവർക്ക് നമ്മൾ തെളിവുകളുടേയും അറിവിന്റേയും വെളിച്ചത്തിൽ സന്ദേശമെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. വൈകാരികത അവിടെ ഫലം ചെയ്യില്ല. ഇതുനുവേണ്ടി സ്വന്തം അറിവിനെ നമ്മൾ വർധിപ്പിക്കേണ്ടതാണ്. നീതിയേയും സമത്വത്തേയും മുന്നിൽവച്ചുകൊണ്ട് സന്ദേശമെത്തിക്കണമെങ്കിൽ അവരോടു പറയുന്ന കാര്യങ്ങളിൽ അനീതി പാടില്ല. അവസരം നോക്കി, പറയുന്ന ആളിലേക്കുതന്നെ മടക്കുന്ന തരത്തിലുള്ള വിമർശനം ഉന്നയിക്കാതിരിക്കുക. ഇത്തരത്തിലുള്ള വിമർശനംതന്നെയാണ് നിർമത വാദികൾ ഇസ്ലാമിന്നെതിരെ ഉന്നയിച്ചു വന്നതും വന്നുകൊണ്ടിരിക്കുന്നതും. അത് അവരിലേക്കും തിരിച്ചു വരുന്നതാണ്. എന്നു മാത്രമല്ല, മറ്റു മുസ്ലിമീങ്ങൾ ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെമേൽ ഇത്തരത്തിലുള്ള വിമർശനമാണ് ഉന്നയിക്കുന്നത്. നീതിയുടെ ദൃഷ്ടിയിൽ ഇതര പ്രവാചകന്മാരുടെമേലും വന്നു ചേരുന്ന ആക്ഷേപങ്ങളാണ് ഇവർ വാഗ്ദത്ത മസീഹിന്നെതിരിൽ ഉന്നയിക്കുന്നത്. നീതിക്ക് പോറലേൽക്കുന്ന കാര്യങ്ങൾ പ്രചാരണ പ്രവർത്തനത്തിൽ പറയാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മതത്തിന്റെ സൗന്ദര്യം സംയമനവും ക്ഷമയും മുഖേന സന്ദേശപ്രചാരണം നടത്താൻ ശ്രദ്ധിക്കുന്നതിലാണ് നിലകൊള്ളുന്നത്. മുസ്ലിമീങ്ങൾക്കും അമുസ്ലിമീങ്ങൾക്കും നമ്മൾ സന്ദേശമെത്തിക്കേണ്ടതുണ്ട്. വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ ലക്ഷക്കണക്കിന് മുസ്ലിമീങ്ങൾ താമസിക്കുന്നുണ്ട്. വിവിധ വിഭാഗങ്ങളിൽപ്പെട്ടവരാണവർ. പരസ്പരം തീവ്രവാദ വികാരത്തോടെ വിദ്വേഷം വെച്ചു പുലർത്തുന്നവരുമാണ്. അവർ കാഫിർ എന്നുപോലും വിളിക്കുന്നു. പരസ്പരം കുഫ്ർ ഫത്വ പുറപ്പെടുവിക്കുന്നു. അതിന്റെ കാര്യകാരണങ്ങളിലേക്ക് പോകാൻ ഈ സമയത്ത് ഞാൻ മുതിരുന്നില്ല. ഇവർ അഹ്മദികളെ മാത്രമല്ല കാഫിർ എന്നു പറയുന്നത്. പരസ്പരവും തലയെണ്ണൽ നടത്തുന്നുണ്ട്. ഇന്നലെ ഇവിടെ അറബികളുമായി കൂടിക്കാഴ്ച നടന്നിരുന്നു. നാന്നൂറോ അഞ്ഞൂറോ പേർ പങ്കെടുത്തു. ഇവരിൽ ചില അനഹ്മദികളുമുണ്ടായിരുന്നു. ഭൂരിപക്ഷവും അവരായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. പകുതി തീർച്ചയായും ഉണ്ടായിരിക്കും. ചില വിഭാഗങ്ങൾ സ്വഹാബികളെ കാഫിർ എന്ന് വിളിക്കുന്നുവെന്നും അതിനെ കുറിച്ചുള്ള അഭിപ്രായം എന്താണെന്നും അവരെന്നോട് ചോദിച്ചു. മുസ്ലിമീങ്ങളെ കാഫിർ എന്നു വിളിക്കുന്നവരിൽത്തന്നെ അവരുടെ കുഫ്റ് മടങ്ങി വരുന്നന്ന നബി(സ)തിരുമേനിയുടെ വാക്ക് ഞാൻ അവരുടെ മുമ്പിൽ വെച്ചു. എന്നാൽ, അവർ ആവർത്തിച്ച് എന്നോട് ശക്തമായ പ്രതികരണത്തിന് ആവശ്യപ്പെട്ടു. നബി(സ)തിരുമേനിയുടെ വാക്കിനും വിധിക്കുംശേഷം ഞാനാരാണെന്നും എന്റെ വാക്കിന് എന്തു പ്രസക്തിയാണുള്ളതെന്നും ഞാൻ അവരോട് ചോദിച്ചു. സന്ദേശ പ്രചാരണത്തിൽ യുക്തിയോടെയുള്ള മറുപടി അനിവാര്യമാണ്. ക്ഷമയും സഹതാപവും പ്രകടിപ്പിക്കുക. സഹതാപം കാണിച്ചാലേ ക്ഷമയുണ്ടാകൂ. ചില വലിയ കാര്യങ്ങൾ നേടിയെടുക്കാൻ ചെറിയ ചെറിയ കാര്യങ്ങളുടെമേൽ സംയമനം പാലിക്കുക എന്നതാണ് യഥാർഥ ക്ഷമ. സർവ ശ്രേഷ്ഠമായകാര്യം അല്ലാഹുവിന്റെ സന്ദേശമെത്തിക്കുക എന്നതാണ്. അതിന് വിഘാതമാകുന്ന ഒരു കാര്യവും വെക്കാവതല്ല. അതിന് വിഘാതമാകുന്ന ഓരോ ചെറിയ കാര്യത്തിൽപോലും ക്ഷമ കാണിക്കേണ്ടതുമാണ്.

നാമമാത്ര പണ്ഡിതന്മാരുടെ തെറ്റായ ചിന്താഗതികളിൽപ്പെട്ട് വഴികേടിലായി തിരുസ്വഹാബാക്കളുടെമേൽ വിമർശനം ഉന്നയിക്കുന്നവരോടും അഥവാ അവരെ സംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറയുന്നവരോടും നമുക്ക് സഹതാപമുണ്ട്. ഈ അനുകമ്പ കാരണത്താൽ നാമവർക്കും ശരിയായ വഴി കാണിച്ചു കൊടുക്കേണ്ടതാണ്. അനുവദനീയമല്ലാത്ത അത്തരം വർത്തമാനങ്ങളിൽനിന്നും അവരെ തടുക്കേണ്ടതാണ്. ബുദ്ധിയോടും സ്നേഹത്തോടുംകൂടി അതു നിർവഹിക്കേണ്ടതാണ്. ക്ഷമയും സഹനവും ആവശ്യമുള്ള പ്രവർത്തിയാണിത്. കാഫിർ എന്ന് വിളിക്കുന്നവരിൽത്തന്നെ അവരുടെ കുഫ്ർ മടങ്ങിയെത്തുമെന്ന് നബി (സ)തിരുമേനി പറഞ്ഞെങ്കിലും അവരുടെ കഴുത്തു വെട്ടാൻ ആ മഹാത്മാവ് പറഞ്ഞിട്ടില്ല; ഒരിക്കലും പറഞ്ഞിട്ടില്ല. നിഷേധികൾക്കും നിർമതർക്കും നമ്മൾ സന്ദേശമെത്തിക്കണം. അവർക്ക് ഇസ്ലാമിന്റെ സൗന്ദര്യത്തെ കുറിച്ച് ബോധ്യം വരുത്തണം.

ഒരാളുടെ മേലും കുഫ്ർ പുറപ്പെടുവിക്കേണ്ട ആവശ്യം നമുക്കില്ല. ഏതെങ്കിലും വിഭാഗം മറ്റാരേയും കാഫിർ എന്നു വിളിക്കുന്നതിൽ നമുക്ക് സന്തോഷവുമില്ല. ഇത്തരം ചോദ്യങ്ങളും വിചാരങ്ങളുമുള്ളവർ ഇസ്ലാമിനെന്തു സേവനമാണ് ചെയ്യുന്നതെന്ന് സ്വയം ചിന്തിക്കുകയും വേണം. റാഫിളിയാണെങ്കിലും മറ്റാരാണെങ്കിലും അവർ വെച്ചുപുലർത്തുന്ന തെറ്റായ വീക്ഷണങ്ങളിലെ അബദ്ധങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുത്തി യഥാർഥ മുസ്ലിമാക്കണം. ആരുടെ നാവിൽനിന്നും കൈയിൽ നിന്നും മുസ്ലിമീങ്ങളും മറ്റുള്ളവരും സുരക്ഷിതരാകുമോ അയാളാണ് തിരുനബിയുടെ നിർദ്ദേശമനുസരിച്ചുള്ള മുസ്ലിം.

സ്വന്തം നാവിൽനിന്നും കൈയിൽനിന്നും മറ്റുള്ളവർക്ക് വിഷമം ഉണ്ടാകാതിരിക്കാൻ എന്നും വിട്ടുനില്ക്കുക എന്നതാണ് നമ്മുടെ ദൗത്യം. ഓരോ പ്രവർത്തിയും സന്ദർഭവും സാഹചര്യവും കണക്കാക്കി ചെയ്യുക എന്നതാണ് യുക്തിയുടെ തേട്ടമെന്നതാണ് പിന്നീടു വരുന്ന കാര്യം. ശത്രുവിനെ ആശങ്കപ്പെടുത്തുന്നതും കോപം ജനിപ്പിക്കുന്നതുമായ കാര്യങ്ങൾ ചെയ്യാതിരിക്കുക. പ്രചാരണ പ്രവർത്തനം സമാധാന സ്ഥാപനത്തിനുവേണ്ടിയുള്ള മാർഗമാകണം. അതുമുഖേന കുഴപ്പങ്ങൾ വ്യാപിക്കരുത്. അല്ലെങ്കിൽ മതത്തെ വിമർശിക്കുന്നവർക്ക് നമ്മൾ സ്വയം അവസരം കൊടുക്കുന്നവരാകും. മതം തന്നെയാണ് കുഴപ്പവും പ്രശ്നവും പരത്തുന്നതെന്നതാണ് ഇവരുടെ ആക്ഷേപം.

പ്രചാരണ പ്രവർത്തനം സത്യത്തിലും വിശ്വസ്ഥതയിലും അധിഷ്ഠിതമായിരിക്കൽ അനിവാര്യമാണ്. സത്യദീനിലേക്ക് വിളിക്കുന്നതുകൊണ്ട് സത്യത്തിൽനിന്നു വേറിട്ട കാര്യങ്ങളും പറയാമെന്ന് ചിലർ കരുതുന്നുണ്ട്. ഇത് തെറ്റായ കാര്യമാണ്. നേർമാർഗം കാണിക്കേണ്ടത് ദൈവമാണെന്നിരിക്കെ അവൻ വിവരിച്ച സത്യത്തെ കുറിച്ചാണ് പറയേണ്ടത്. ഇതരർക്ക് മാർഗദർശനം നല്കുകയും സ്വയം കളവിന്റെ തിന്മയിൽ അകപ്പെട്ടു പോകുകയുമരുത്. ചിലർ സംഭവങ്ങൾ വിവരിക്കുമ്പോൾ അതിശയോക്തി കലർത്താറുണ്ട്. ഒരിക്കൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിച്ചു. ഒരു സ്നേഹിതൻ

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ അടയാളങ്ങളെ കുറിച്ച് വിവരിക്കുമ്പോൾ അതിശയോക്തി കലർത്തി വിവരിക്കുമായിരുന്നു. ഒരിക്കൽ അദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സാന്നിധ്യത്തിൽ ഒരു അറബ് സ്നേഹിതനോട് ലേഖ്റാമിന്റെ വധത്തെ കുറിച്ചുള്ള പ്രവചനത്തെ സംബന്ധിച്ച് വിവരിക്കുകയായിരുന്നു. അതിശയോക്തി കലർന്ന ആ വിവരണത്തിൽ നിശ്ചിത ദിനത്തിൽ നിശ്ചിത സമയത്ത് കൊല്ലപ്പെടുമെന്നുള്ളതും ആർക്കും അയാളെ രക്ഷപെടുത്താൻ സാധിക്കില്ലെന്നതും മറ്റും വിവരിച്ചു. തുടർന്ന് പ്രസ്തുത സമയത്ത് ലേഖ്റാമിന് സവിശേഷ സുരക്ഷ നല്കിക്കൊണ്ട് ചുറ്റിലും പോലീസിനെ വിന്യസിച്ചുവെന്നും അകത്തു പോകാനൻ കഴിയാത്ത വിധം  ജനങ്ങൾ പുറത്ത് തടിച്ചു കൂടിയെന്നും വീട്ടിലും സുരക്ഷാ ഏർപ്പാടുണ്ടായിരുന്നു എന്നുമൊക്കെ തട്ടിവിട്ടു. ഇതെല്ലാമുണ്ടായിട്ടും ഒരു മാലാഖ മേല്ക്കൂര പൊളിച്ച് അകത്തുവന്ന് അയാളുടെ വയറ്റിൽ കഠാരകൊണ്ട് കുത്തികൊലപ്പെടുത്തി എന്നും ഒരാൾക്കും അത് കാണാൻ സാധിച്ചിട്ടില്ലെന്നും തുടർന്ന് പറഞ്ഞു.അറബ് സ്നേഹിതൻ ഇതെല്ലാം കേട്ട് സുബ്ഹാനല്ലാഹ്, അല്ലാഹു അക്ബർ, മാശാ അല്ലാഹ് എന്ന് പറഞ്ഞു കൊണ്ടിരുന്നു. അയാളുടെ ഈ കളവിലേക്കും അതിശയോക്തിയിലേക്കും ശ്രദ്ധ തിരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു:യാഥാർഥ അവസ്ഥ എന്താണെന്ന് പറയുക. ദീർഘദർശനത്തിൽ ദിവസത്തെ കുറിച്ച് ഈദിന്റെ രണ്ടാം ദിവസമെന്ന് സൂചനയുണ്ടെങ്കിലും  ആറു വർഷത്തെ കാലാവധിയുണ്ടായിരുന്നു. അടുത്ത മാസമെന്നോ വർഷമെന്നോ സവിശേഷ ദിവസമെന്നോ അതിൽ സൂചനയില്ലായിരുന്നു. അപ്രകാരം തന്നെ അത് പൂർത്തിയായി. താങ്കൾ സൂചിപ്പിക്കുന്നതുപോലെ നിശ്ചിതമായിരുന്നില്ല. താങ്കൾക്കുപറ്റിയ അബദ്ധമാണിത്. താങ്കൾ തെറ്റാണ് പറയുന്നതെന്നും യാഥാർഥ്യം മറ്റൊന്നാണെന്നും ഞാൻ അദ്ദേഹത്തോട് പറയാൻ പോകുകയാണ്. അപ്പോൾ കൈകൂപ്പിക്കൊണ്ട് ആ സ്നേഹിതൻ പറഞ്ഞു:പറയരുതേ, ഇപ്പോൾ നിങ്ങളെന്നെ അപമാനിക്കരുത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:ആ സമയത്ത് അദ്ദേഹത്തെ തിരുത്താതിരുന്നെങ്കിൽ ആ അറബി പിന്നീട് മറ്റു പലരുടേയും മുമ്പിൽ പ്രസ്തുത സംഭവം വിവരിക്കുകയും കൂടുതൽ അതിശയോക്തി അതിൽ കൊണ്ടുവരികയും ചെയ്തേനെ. ഭൂമി പിളർന്ന് അതിൽനിന്നു മലക്കുകൾ പുറത്തുവന്ന് അയാളെ കൊന്നുതള്ളി എന്നുമൊക്കെ പറഞ്ഞ് വെളിപ്പെട്ട സത്യ സാക്ഷ്യത്തെ കഥയാക്കുകയും തുടർന്ന് എന്തൊക്കെയായി തീരുമെന്ന് നിഗമിക്കാൻ പറ്റാത്ത വിധം കാര്യങ്ങൾ ചെന്നെത്തുകയും ചെയ്യുമായിരുന്നു. ഇങ്ങനെതന്നെയാണ് മതത്തെ കുറിച്ച് തെറ്റായ കാര്യങ്ങൾ പ്രചരിക്കുന്നത്. ചില നമമാത്ര സിദ്ധന്മാരെക്കുറിച്ച്  ഇത്തരം കഥകൾ ചിലർ ഇങ്ങനെ പ്രചരിപ്പിക്കാറുണ്ട്.

ഞാനെന്റേതായ വാക്കുകളിൽ ചുരുക്കി വിവരിച്ചതാണിത്. സംഭവിച്ച ശരിയായ കാര്യങ്ങൾ മുന്നിൽവെച്ചുകൊണ്ടാണ് എപ്പോഴും മറ്റുള്ളവരെ ബോധവാന്മാരാക്കേണ്ടത്. ഹിക്മത്ത് എന്ന പദത്തിന്റെ മറ്റൊരർഥം പ്രവാചകത്വം എന്നുമുണ്ട്. അതായത് പ്രവാചകത്വത്തിന്റെ മാർഗേണ സന്ദേശമെത്തിക്കുക. ഒരു മുസ്‌ലിമിന് ഈ മാർഗം വിശുദ്ധ ഖുർആനാണ്. ഖുർആനിക തെളിവുകളോടെ ലോകരുടെ ഹൃദയങ്ങളെ ജയിച്ചടക്കാൻ ശ്രമിക്കേണ്ടതാണ്. സ്വന്തം ഇഷ്ടത്തിനനുസരിച്ചുള്ള തെളിവുകളല്ല നമ്മൾ  അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കേണ്ടത്. ഖുർആനിക തെളിവുകൾ സമർപ്പിക്കാൻ ശ്രമിച്ചാൽ അതിൽ ശക്തി കൈവരും. അനിവാര്യമല്ലാത്ത പൊള്ളയായ വാക്കുകൾ മുഖേന സ്വന്തം കാര്യത്തെ ശക്തിപ്പെടുത്താനുള്ള നിശ്ചയത്തോടുകൂടി തന്റേതായ തെളിവുകൾ സമർപിച്ചാൽ അതിന് വിപരീത ഫലമാണുണ്ടാവുക.

വിശുദ്ധ ഖുർആൻ എപ്പോഴും കൈയിൽ വെക്കുക. നമുക്കു വിജയം നേടാൻ കഴിയുന്ന ഏക ആയുധമാണിത്. ഇതുപയോഗിച്ചുകൊണ്ട് നമുക്ക് ഏതൊരാളുടേയും വായടപ്പിക്കാൻ സാധിക്കുന്നു. ജിഹാദിനുവേണ്ടിയും അല്ലാഹു ഉപയോഗിക്കാൻ നിർദേശിച്ച ആയുധം ഇതു തന്നെയാണ്. ഇന്ന് ഇക്കാര്യം മുസ്‌ലിമീങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ എത്രനന്നായേനെ എന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)രേഖപ്പെടുത്തുന്നു. ഇക്കാലഘട്ടത്തിൽ മുസ്‌ലിമീങ്ങളുടെ ഇന്നത്തെ അവസ്ഥകൾ നോക്കുകയാണെങ്കിൽ അവർ തീവ്രവാദത്തിൽ കൂടുതൽ ശക്തിപ്രാപിച്ചിരിക്കുന്നുവെന്ന് കാണാം. ഇക്കാര്യം മനസ്സിലാക്കുക. വാളുകൊണ്ട്  ലോകത്തെ ജയിച്ചടക്കാമെന്നും തോക്കിന്റെ ശക്തിയാൽ ശരീ അത്ത് നടപ്പിലാക്കാമെന്നുമുള്ള വർത്തമാനങ്ങൾക്കു പകരം ഈ സുന്ദരമായ അധ്യാപനത്തിലൂടെ ഹൃദയങ്ങളെ ജയിച്ചടക്കാൻ ശ്രമിക്കുക. എന്നാൽ, ഇതു വിഷയകമായി ഇവരുടെ ബുദ്ധിയിൽ മറ വീണിരിക്കുന്നു. കാലഘട്ടത്തിന്റെ ഇമാമിനെ അംഗീകരിച്ചാൽ ഈ മറ നീങ്ങിപ്പോകും. ഈ ആയുധം മുഖേന ലോകത്തെ മുറിവേല്പ്പിച്ചു പോവുക. അവരുടെ ഹൃദയങ്ങളെ ജയിച്ചടക്കി മുന്നേറുക.

വിവിധ അവസരങ്ങളിലും ജർമൻകാരും മറ്റുള്ളവരും പങ്കെടുത്ത ഇന്നലെ നടന്ന സെഷനിലും നബി(സ)തിരുമേനിയെ കുറിച്ചും വിശുദ്ധ ഖുർആൻ മുഖേനയുള്ള ജിഹാദിനെ കുറിച്ചും സമാധാനത്തെ കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങളും  സമർപ്പിക്കുകയുണ്ടായി. അവിടെ ചില അതിഥികൾ സ്വന്തം പ്രതികരണങ്ങളും നല്കി. പ്രസ്തുത കാര്യങ്ങൾ ശ്രവിച്ചതിനുശേഷം ഇസ്‌ലാമിനെ കുറിച്ചുള്ള വിചാരങ്ങളിൽ തികച്ചും മാറ്റങ്ങളുണ്ടായി. മറ്റവസരങ്ങളിലും അധികം അതിഥികളും ഇതുപോലെയുള്ള പ്രതികരണങ്ങളാണ് നല്കിയത്. ജമാഅത്തിനെ മുമ്പേതന്നെ അറിയാമെന്നും അവർക്കു ബന്ധമുള്ള അഹ്മദികളിൽ നിന്നു ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനം വിവരിച്ചു കേട്ടുവെന്നും അവർ പറഞ്ഞു. അധ്യാപനങ്ങൾ വിവരിക്കുക എന്നത് നമ്മളിൽ ഓരോരുത്തരുടേയും ദൗത്യമാണ്. വിശുദ്ധ ഖുർആൻ നല്കിയതാണ് നമുക്ക് ഈ അധ്യാപനം. മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ സന്ദേശപ്രചാരണം നടത്തുകയെന്നതാണ് വിശുദ്ധ ഖുർആൻ സൂചിപ്പിച്ച □ഹിക്മത്ത്□ എന്ന പദത്തിന്റെ മറ്റൊരു തേട്ടം. കുറഞ്ഞ സാക്ഷരതയുള്ള ഒരു മനുഷ്യനോടു സ്വന്തം പാണ്ഡിത്യം വെച്ചാൽ അത് ഒരു പ്രയോജനവും നല്കില്ല. ഇതേ കാര്യമാണ് നബി (സ)തിരുമേനിയും വിശദമാക്കിയത്. ഒരാളുടെ വിവേകവും തിരിച്ചറിവും അനുസരിച്ച് അയാളോടു സംവദിക്കുക. ഇത് സുപ്രധാനമാണ്.

ഏറ്റവും ഉത്തമമായ പ്രവർത്തി, കാര്യങ്ങളിൽ ശ്രേഷ്ഠമായ ദൗത്യം ഉന്നതനായ അല്ലാഹുവിന്റെ സന്ദേശം സത്യസന്ധതയോടും യുക്തിയോടും സദുപദേശത്തോടുംകൂടി ലോകർക്കെത്തിച്ചു കൊടുക്കുക എന്ന് അല്ലാഹു പറയുന്നു. കാരണം ഉന്നതനായ ദൈവത്തിന് ഏറ്റവും തൃപ്തികരമായത് ഇതേ കാര്യമാണ്.  ഈ കല്പന അനുസരിച്ച് പ്രവർത്തിക്കുന്ന കാരണത്താൽ നിങ്ങളും അവന്റെ പ്രിയപ്പെട്ടവരാകും. മനുഷ്യൻ പിശാചിന്റെ കൈപ്പിടിയിൽനിന്നു പുറത്തുവന്ന് ശരിയായനിലയിൽ ആരാധനാകർമങ്ങൾ നിർവഹിക്കുന്നതും ദൈവത്തിന്റേതായിത്തീരുന്നതുമാണ് അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്നത്. ഇതിന്റെ പ്രയോജനം മനുഷ്യനാണുണ്ടാവുക. അല്ലാഹുവിനല്ല. തന്നെ ആരാധിച്ചാലും ഇല്ലെങ്കിലും  അതുകൊണ്ട് വ്യത്യാസമൊന്നുമില്ലെന്ന് അല്ലാഹു പറയുന്നു. പിശാചിനും ദൈവം തുറന്ന സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. ദാസന്മാരെ വഴികേടിലാക്കുന്നതിനും ദൈവത്തിൽനിന്നകറ്റുന്നതിനും എന്തു ശ്രമവും അവന് നടത്താവുന്നതാണ്. എന്നാൽ, പ്രവാചകന്മാർമുഖേന മാർദർശനത്തിനുള്ള സൗകര്യവും ദൈവംഒരുക്കിയിരിക്കുന്നു. പ്രവാചകന്മാരുടെ ജോലികൾ മുന്നോട്ടു കൊണ്ടുപോകാനും  ദൈവത്തിലേക്ക് ക്ഷണിക്കുക എന്ന ജോലി ഒരിക്കലും അവസാനിപ്പിക്കരുതെന്നും പ്രവാചകന്മാരെ വിശ്വസിക്കുന്നവർക്ക് കൽപനയും നല്കി.

ശയ്ത്വാനും സാത്താനിക ശക്തികളും ഇക്കാലഘട്ടത്തിൽ തങ്ങളുടെ സർവ ശക്തികളോടും കൂടി ലോകത്തെ  അവന്റെ  മടിത്തട്ടിൽ വീഴ്ത്താനാഗ്രഹിക്കുന്നു. മറുഭാഗത്ത് ദൈവം ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ജമാഅത്തിന്റെമേലും ലോകത്തെ സന്മാർഗത്തിൽ നയിക്കണമെന്ന ഒരു ഉത്തരവാദിത്വവുമിട്ടു. വഴിതെറ്റിയ ഇക്കാലഘട്ടത്തിൽ പുതിയഭൂമിയും പുതിയആകാശവും സൃഷ്ടിക്കുന്നതിനാണ്  ഹദ്റത്ത് വാഗ്ദത്ത മസീഹിനെ അല്ലാഹു നിയോഗിച്ചതെന്ന് ജുമുഅ ഖുത്ബയിലും ഞാൻ സൂചിപ്പിച്ചിരുന്നു. നമ്മളിൽനിന്ന് ഓരോരുത്തരും പുതിയഭൂമിയും പുതിയആകാശവുമുണ്ടാക്കുന്നതിനു സ്വന്തം പങ്കു നിർവഹിക്കേണ്ടതുണ്ട്. സ്വന്തം ഹൃദയത്തിന്റെ ഭൂമി പാകപ്പെടുത്തി അല്ലാഹുവിന്റെ സ്മരണയെ അവിടെ കുടിയിരുത്തുന്നതിനോടൊപ്പം ലോകത്തിന് പുതിയആകാശവും പുതിയഭൂമിയും സൃഷ്ടിക്കാനുള്ള മാർഗങ്ങൾ പഠിപ്പിച്ചു കൊടുക്കുകയും വേണം. പ്രത്യക്ഷമായി ലോകത്ത് രണ്ടു വിഭാഗങ്ങളാണുള്ളത്. പിശാചിന്റെ ദുഷ്പ്രേരണയിലകപ്പെട്ട് വഴികേടിലായവരാണ്

## • തിരുനബിയുടെ തിരുമൊഴികൾ •

**അബൂഹുറൈറ നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, പിന്നെ ആ നിർബന്ധ നമസ്കാരമല്ലാത്ത നമസ്കാരം പാടില്ല'  (മുസ്‌ലിം, ഹദീഥ് 263)**

## • തിരുനബിയുടെ തിരുമൊഴികൾ •

**ഹദ്റത്ത് ആയിശ(റ) നിവേദനം. നബി(സ) നമസ്കാരം ആരംഭിച്ചിരുന്നത് തക്ബീർ കൊണ്ടായിരുന്നു. ഖിറാഅത്ത് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ കൊണ്ടും(മുസ്‌ലിം, ഹദീഥ് 273)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമു≠ോ? അധ്വാനികളും വിശ്വസ്തരുമായ  തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732**



**ത്വാലിബെ ദുആ:   T.A. SUDHEER**
**AHMADIYYA  JAMA-ATH,  ALLEPPEY Ph:92497 38840**

ഒന്ന്. രണ്ട് ദൈവത്തിലേക്ക് വിളിക്കുന്നവരുടെ സംഘമാണ്. ഇന്ന് ഭൗമോപരിതലത്തിൽ ദൈവത്തിലേക്ക് ലോകത്തെ വിളിച്ചുകൊണ്ട് യഥാർഥ മാതൃക നിർവഹിക്കുന്ന അഥവാ സാധിക്കുന്ന നേരായ ജമാഅത്ത് അഹ്മദിയ്യാ വിഭാഗം മാത്രമാണ്. ഈ ജമാഅത്തിൽ പ്രവേശിപ്പിച്ചുകൊണ്ട് അല്ലാഹു നമ്മുടെമേൽ വലിയ ഔദാര്യം ചെയ്തിരിക്കുന്നു. ഈ ഔദാര്യത്തിന് കൃതജ്ഞത നിർവഹിക്കാൻ നമ്മളിൽനിന്ന് ഓരോരുത്തരും സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ ജാഗ്രത പാലിക്കുക. പരിശ്രമിക്കുക. ദൈവത്തിലേക്ക് ക്ഷണിക്കുക എന്ന നിർബന്ധ കർത്തവ്യത്തിൽ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ മുന്നേറ്റം കൈവരിക്കേണ്ടതാണ്. അല്ലാഹുവിന്റെ വാക്കുകളിലെ സൂക്ഷ്മവും അതിസൂക്ഷ്മവുമായ വിഷയങ്ങളെ തെളിവുകളുടെ പിൻബലത്തിൽ സുവിശദമായി വ്യക്തമാക്കിയ വാഗ്ദത്ത മസീഹ്(അ) അവസാനിക്കാത്ത നിധികളാണ് നമുക്ക് നല്കിയിട്ടുള്ളത്. ഒരുവനാഗ്രഹിക്കുന്നത് മറ്റുള്ളവർക്കു വേണ്ടിയും ആഗ്രഹിക്കുക എന്ന നബി(സ)തിരുമേനിയുടെ തിരുമൊഴിയെ അന്വർഥമാക്കി വിജ്ഞാനവും സൂക്ഷ്മജ്ഞാനവും നിറഞ്ഞു കിടക്കുന്ന വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ നിധി മുസ്‌ലിമീങ്ങളിലും അമുസ്‌ലിമീങ്ങളിലുമെത്തിക്കുക. ശയ്ത്വാനിന്റെ കൈപ്പിടിയിൽനിന്ന് അവരെ മോചിപ്പിച്ച് അവരെ അല്ലാഹുവിന്റെ യഥാർഥ ദാസരാക്കുക. അവരെ നാമമാത്ര പണ്ഡിതന്മാരുടെ പിടിത്തത്തിൽനിന്നു രക്ഷിക്കുക. അവർ ഇക്കാലഘട്ടത്തിലെ ഇമാമിൽനിന്നു ജനങ്ങളെ അകറ്റിക്കൊണ്ടിരിക്കുന്നു. അതിനു വേണ്ടി ഇവർ തങ്ങളുടെ സകല ശക്തികളും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഓരോ രാജ്യത്തിലും പരിചയം വർധിക്കുകയും ലോകർ അഹ്മദിയ്യത്തിനോട് അടുത്തു വരികയും ചെയ്യുന്ന ഒരു പ്രവാഹം വർധിച്ചു വരുന്നുണ്ട്. വിശാലാടിസ്ഥാനത്തിൽ അഹ്മദിയ്യത്തിനെ കുറിച്ചുള്ള വിവരം വ്യാപിക്കുന്നു. വലിയവലിയ പട്ടണങ്ങളിൽ ഇപ്പോൾ ജനങ്ങൾ ജമാഅത്തിനെ തിരിച്ചറിയുന്നു. മുസ്‌ലിമീങ്ങളിലും അമുസ്‌ലിമീങ്ങളിലും ജമാഅത്ത് അറിയപ്പെടുന്നു. എന്നാൽ, അതിനുവേണ്ടി നമുക്കും നമ്മുടെ അവസ്ഥകളെ കർമപരമായ മാതൃകയാക്കുന്നതോടൊപ്പം അവരുടെ ഹൃദയങ്ങളെ തിരിക്കുന്നതിന് ദുആകൊണ്ടുള്ള കടമ നിർവഹിക്കാൻ ശ്രമിക്കേണ്ടതാണ്.

ഹുദൂറിന്റെ പ്രഭാഷണത്തിന്റെ പൂർണരൂപം ഇൻശാ അല്ലാഹ് മറ്റൊരു ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

06.10ന് ഹുദൂറിന്റെ പ്രഭാഷണം അവസാനിച്ചു. ഹുദൂർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് ജൽസാസാലാനയില് പങ്കെടുത്തവരുടെ എണ്ണം ഹുസൂർ വിളംബരം ചെയ്തു. ആകെ പങ്കെടുത്ത 36037 ആളുകളിൽ 16845 പേർ സ്ത്രീകളും 17560 പേർ പുരുഷന്മാരുമാണ്. 1632 പേർ മറ്റു സമൂഹത്തിൽ നിന്നു വന്ന അതിഥികളാണ്.

55 രാജ്യങ്ങളിൽനിന്നു പ്രതിനിധികൾവന്നു. 3024 അതിഥികൾ വിദേശ രാജ്യങ്ങളിൽനിന്നു ഈ ജൽസയിൽ പങ്കെടുത്തു.

തുടർന്ന് ജൽസയുടെ സമാപനം കുറിച്ചുകൊണ്ട് ആഫ്രിക്കൻ അഹ്മദികൾ അവരുടെ പരമ്പരാഗത രീതിയിൽ ഗാനാലാപനം നിർവഹിച്ചു. കലിമ ത്വയ്യിബയാൽ അന്തരീക്ഷം മുഖരിതമായി. അറബ് അഹ്മദികൾ വാഗ്ദത്ത മസീഹിന്റെ അറബി ഖസീദ ആത്മീയാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ആലപിച്ചു. മസിഡോണിയൻ ഭാഷയിലുള്ള കവിത അവിടെ നിന്നുവന്ന പുതിയ അഹ്മദികൾ ആലപിച്ചു. ഇതിൽ യുവാക്കളോടൊപ്പം കുട്ടികളും പങ്കാളികളായി. ഈ കവിതയുടെ തർജമ ചുവടെ ചേർക്കുന്നു:

*ഉന്നതനായ അല്ലാഹു ഏകനാണെന്ന് പ്രഖ്യാപിക്കുക*
*അവനെക്കൂടാതെ ഒരു ആരാധ്യനുമില്ല.*
*അവന്റെ ഇഷ്ടദാസനാണ് നബി(സ)തിരുമേനി*
*നമ്മുടെ മതം ഇസ്‌ലാമാണ്. നമ്മുടെ രക്ഷ ഇസ്‌ലാമിലാണ്.*
*അല്ലാഹുവിനെ മാത്രം സ്നേഹിക്കുക.*
*അതാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്.*
*ഇസ്‌ലാമിന് ദൗർബല്യമുണ്ടായ ഒരു കാലം വന്നു.*
*ഇമാം മഹ്ദിയുടെ ആഗമനം പിന്നാലെ വന്നു.*
*ഇസ്‌ലാം വീണ്ടും പുനരുജ്ജീവിച്ചു.*
*അവനെ കാണുന്നതുപോലെ അല്ലാഹുവിനെ സ്നേഹിക്കൂ.*
*അവനെ കാണാൻ സാധിക്കില്ലെങ്കിലും അല്ലാഹു നിങ്ങളെ കാണുന്നു.*
*അല്ലാഹുവിനെ ഭയപ്പെടൂ, വിശ്വാസികളേ*
*അഹ്മദീ മുസ്‌ലിമായല്ലാതെ മരണം നിങ്ങളിൽ വരാതിരിക്കട്ടെ.*

തുടർന്ന് ഖുദ്ദാം സംഘം ജർമൻ ഭാഷയിൽ പ്രാർഥനാ ഗാനം ആലപിച്ചു. അതുകഴിഞ്ഞ് അത്ഫാൽ സംഘം ഉർദു പ്രാർഥനാ ഗാനം ആലപിച്ചു. മറ്റൊരു ഖുദ്ദാം സംഘം സംഘഗാനം ആലപിച്ചു. ജാമിഅ വിദ്യാർഥികൾ ഖിലാഫത്തിനോട് കൂറും സ്നേഹവും തുളുമ്പുന്ന കവിത ഹൃദയസ്പൃക്കായ രീതിയിൽ ആലപിച്ചു. ആത്മീയാന്തരീക്ഷം ചാലിച്ച കവിതാലാപനങ്ങൾക്കു ശേഷം മുദ്രാവാക്യങ്ങളാൽ ജൽസാഗാഹ് ആകമാനം മുഖരിതമായി. ഓരോ ചെറുതും വലുതും യുവാവും വൃദ്ധരും ആവേശഭരിതരായി ഹുദൂറിനോടുള്ള കൂറും വിശ്വാസവും സ്നേഹവും പ്രകടിപ്പിച്ചു. ജൽസാ സമാപ്തിയുടെ നിമിഷങ്ങളായിരുന്നു ഇത്. സ്നേഹാനുരാഗത്തിൽ ഹൃദയം വികാരഭരിതമായിരുന്നു. മിഴികൾ അശ്രുഭരിതമായിരുന്നു. കൈകളുയർത്തി തങ്ങളുടെ പ്രിയപ്പെട്ട ഹുദൂർ തന്റെ അനുരക്തരോട് അസ്സലാമു അലയ്ക്കും പറയുകയും ഖുദാ ഹാഫിള്(ദൈവം സംരക്ഷകൻ) എന്ന് ദുആ ചെയ്തു. മുദ്രാ വാക്യങ്ങളുടെ പ്രവാഹത്തിൽ ഹുദൂർ ജൽസാ ഗാഹിൽനിന്നു പുറത്തു വന്നു. കുറച്ച് സമയത്തിനു ശേഷം ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

**നവഅഹ്മദി വനിതകൾ ഹുദൂറിനെ കാണുന്നു:**

07.30ന് ഹുദൂർ ഓഫീസിലേക്ക് വന്നു. 21 അംഗങ്ങളടങ്ങുന്ന നവഅഹ്മദി വനിതകൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി. ഇവരോടൊപ്പം 3 അനഹ്മദി സ്ത്രീകളും പങ്കെടുത്തു. ജർമനി, ഗാംബിയ, സ്പെയിൻ, സിറിയ, ഫ്രാൻസ് രാജ്യങ്ങളിൽനിന്നു വന്നവരാണ് ഈ സ്ത്രീകൾ. ഇവരിൽ ജർമനി, ഇറ്റലി, ഫ്രഞ്ച് പൗരത്വമുള്ള മൂന്ന് സ്ത്രീകളും ഈ ജൽസയുടെ അവസാന ദിനത്തിൽ ബയ്അത്ത് ചെയ്ത് സായൂജ്യരായി.

**ഹുദൂർ** അന്വേഷിച്ചതനുസരിച്ച് ജർമൻ ലജ്നാ ഇമായില്ലാഹ് സ്വദ്ർ സാഹിബ സംക്ഷിപ്തമായി എല്ലാവരേയും പരിചയപ്പെടുത്തി.

**ഒരു വനിത**: ഹനാഉ(ഒമിമൗ)യിലെ മസ്ജിദുൽ ഘാടനത്തിലും ജൽസസാലാന ജർമനിയിലെ സമാപന പ്രഭാഷണത്തിലും രാഷ്ട്രതന്ത്രവുമായി ബന്ധപ്പെട്ട് യുവാക്കളോട് രാഷ്ട്രീയത്തിലേക്ക് വരണമെന്ന് ഹുദൂർ നിർദ്ദേശിച്ചിരുന്നു. ജമാഅത്തിന്റെ അഭിപ്രായമാണോ ഇത്?

**ഹുദൂർ അൻവർ:** ഞാനതല്ല പറഞ്ഞിരുന്നത്. ഹംബർഗ് സംസ്ഥാന അസംബ്ലിയിലെ ഒരു അഹ്മദി മെമ്പർ ഗുല്ഫാം മലിക്ക് സാഹിബും തന്റെ ലഘുപ്രഭാഷണത്തിൽ രാഷ്ട്രീയത്തിലേക്ക് വരാൻ യുവാക്കളോട് അഭിപ്രായപ്പെട്ടിരുന്നു. ഒരുപക്ഷേ, വിവർത്തനം ശരിയായിട്ടുണ്ടാവില്ല.

ഇവിടെ നിലനില്ക്കുന്ന രാഷ്ട്രീയ സംവിധാനത്തിൽ ചേരാവുന്നതാണ്. ദീനിന്റെ ഭാഗത്തു നിന്നു ഒരു തടസ്സവുമില്ല.

**വനിത:**ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പേ രാഷ്ട്രീയത്തിൽ എനിക്ക് വളരെ താല്പര്യമുണ്ടായിരുന്നു. പിന്നീട് ഇസ്‌ലാമിലും താൽപര്യം വർധിച്ചു. ഇപ്പോൾ ഞാനൊരു അഹ്മദീ മുസ്‌ലിം സ്ത്രീയാണ്. എനിക്ക് രാഷ്ട്രീയത്തിൽ പ്രവർത്തനം തുടരാൻ ആരിൽനിന്നുള്ള അനുവാദമാണ് അനിവാര്യമായിട്ടുള്ളത്.

**ഹുദൂർ അൻവർ:**എന്നിൽനിന്നു അനുമതി വാങ്ങിച്ചോളൂ. രാഷ്ട്രീയത്തിൽ സക്രിയമാകണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആകാവുന്നതാണ്. എന്നാലിപ്പോൾ നിങ്ങൾ അഹ്മദിയാണ്, അതുകൊണ്ട് എല്ലാ വിധത്തിലും സ്വന്തം അഭിമാനത്തെ കുറിച്ചുള്ള വിചാരം നിലനിറുത്തുക. നിങ്ങൾ എന്റെ മുന്നിൽ പർദ ധരിച്ചു നില്ക്കുന്നതുപോലെ പർദ ധരിച്ചുകൊണ്ട് സേവനം ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്തുകൊള്ളുക. രാഷ്ട്രീയക്കാർ കളവ് കൂടുതൽ പറയുന്നു എന്ന കാര്യം ഓർത്തിരിക്കുക. നിങ്ങൾ കളവ് പറയരുത്.

**വനിത:**മസ്ജിദുകളിൽ രാഷ്ട്രീയത്തെ കുറിച്ച് ചർച്ച നടത്താനുള്ള പ്രോഗ്രാം സംഘടിപ്പിക്കാൻ കഴിയുമോ?

**ഹുദൂർഅൻവർ:**പള്ളിയിൽ മൾട്ടി പർപ്പസ് ഹാളുണ്ടെങ്കില് ആകാവുന്നതാണ്. ബൈത്തുൽഫുത്തൂഹിലുള്ള ഹാള് പോലെ. അവിടെ പരിപാടി സംഘടിപ്പിക്കാവുന്നതാണ്. പള്ളിക്കുള്ളിൽ ചെയ്യരുത്. ഹാളിലും മറ്റും ഗെയിംസും മീറ്റിംഗുകളും സംഘടിപ്പിക്കാവുന്നതാണ്. ഇവിടെ ചെറിയ പള്ളികൾ ഉണ്ടാക്കുന്നു. വലിയ പള്ളികൾ ഉണ്ടാക്കുക.

ബ്രിട്ടണിൽ ഇപ്പോൾ തെരെഞ്ഞെടുപ്പ് നടന്നു. ഇരു പാർട്ടിയിലുള്ളവരും ബൈത്തുൽ ഫുത്തൂഹിൽ വന്ന് അവരുടെ പ്രകടന പത്രിക അവതരിപ്പിച്ചു.

**കൈറോ യൂണിവേഴ്സിറ്റി അദ്ധ്യാപികയായ അനഹ്മദി മഹിള ഹുസൂറിനോട്:**

ഹുസൂറിന് നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഹുസൂറിനു വേണ്ടി ഞാൻ ദുആ ചെയ്യുന്നു.

ഹുസൂർ കൂടുതൽ വിവരങ്ങൾ അവരോട് അന്വേഷിച്ചറിഞ്ഞു. അപ്പോൾ അവർ പറഞ്ഞു: ശനിയാഴ്ച ഹുദൂർ ജർമൻ അതിഥികൾക്ക് നല്കിയ പ്രഭാഷണം ഞാൻ ശ്രവിച്ചിരുന്നു. ഇസ്‌ലാം മത തത്ത്വജ്ഞാനം എന്ന ഗ്രന്ഥവും വായിച്ചു. വളരെ നല്ല ഗ്രന്ഥമാണ്.

**ഇന്ന് ബൈഅത്ത് ചെയ്ത ഒരു വനിത:**

വർഷാരംഭത്തിൽത്തന്നെ എന്റെ തീരുമാനമായിരുന്നു എന്റെ സ്നേഹിതയോടൊപ്പമുള്ള ഈ ആത്മീയ യാത്ര. എന്റെ സ്നേഹിതയും എന്നോടൊപ്പമുണ്ട്.

**സ്നേഹിത:**എന്റെ വീട്ടിലെ മീറ്റിംഗ് റൂം ഞാൻ ജമാഅത്തിന് സമർപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇത് ഒരു വലിയ ഹാളാണ്.

**ഹുദൂർഅൻവർ:**സ്വന്തം പ്രദേശത്തെ സദറുമായി ബന്ധപ്പെടുക. ലജ്നകൾക്ക് ആവശ്യം വരുമ്പോഴെല്ലാം ഈ ലജ്നാ മെമ്പറുമായി ബന്ധപ്പെടാവുന്നതാണെന്ന് പറയുക.

**മറ്റൊരു വനിത:**എനിക്ക് ഡിപ്രഷന്റെ രോഗം ബാധിച്ചിട്ടുണ്ട്. ഭർത്താവിൽ നിന്നും അകന്നാണ് താമസിക്കുന്നത്. തുർക്കിയിലുള്ളപ്പോൾ ഭർത്താവുമായി ബന്ധമുണ്ടായിരുന്നു.

ഹുദൂർഅൻവർ അവർക്ക് ഹോമിയോപ്പതി മെഡിസിന് നിർദേശിച്ചു. ഉറങ്ങുന്നതിന് മുൻപ് പത്ത് തുള്ളി കഴിക്കാൻ പറഞ്ഞു.

**മറ്റൊരു വനിത:**ഇവ എന്നാണ് എന്റെ പേര്. എനിക്ക് ഇസ്ലാമിക പേരിട്ടാലും.

ഹുദൂർഅൻവർ അവർക്കുവണ്ടി അഫീഫ എന്നി

പേരിട്ടു

**മറ്റൊരു വനിത**:എന്റെ പേര് കത്രീന എന്നാണ്. ഞാനും ഇസ്‌ലാമിക നാമം സ്വീകരിക്കാൻ ആഗ്രഹിക്കുന്നു.

കത്രീന എന്ന വാക്കിന്റെ പദാർഥം ഹുദൂർ അന്വേഷിച്ചു.

**വനിത:**പരിശുദ്ധ എന്നാണ് അർഥം.

ഹുദൂർ അവർക്ക് ത്വയ്യിബ എന്ന് പേരിട്ടു.

മറ്റൊരു വനിത:ഫെബ്രുവരിയിലാണ് ഞാൻ ബയ്അത്ത് ചെയ്തത്. ഞാൻ ക്രിസ്തുമത വിശ്വാസിയായിരുന്നു. കുടുംബത്തിലെ ബാക്കിയുള്ളവരും ഈ വിശ്വാസക്കാരാണ്. എന്റെ കുടുംബത്തിൽ ഞാൻ ഏക മുസ്‌ലിമാണ്. വിശുദ്ധ ഖുർആൻ വായിക്കാനും എഴുതാനും ആഗ്രഹിക്കുന്നു. തഅ്‌ലീം തർബിയ്യത്ത് ക്ലാസുകളിൽ പങ്കെടുക്കുമ്പോൾ അവിടെ എല്ലാവരും ഉർദുവിലാണ് സംസാരിക്കുന്നത്. ഒരു കാര്യവും മനസ്സിലാകുന്നില്ല.

ഹുദൂർഅൻവർ വിഷമം പ്രകടിപ്പിച്ചുകൊണ്ട് ഭാരവാഹികളോട് പറഞ്ഞു:നിങ്ങൾ സംവിധാനം ഒരുക്കാത്തതെന്തു കൊണ്ടാണ്? ഉർദു ഭാഷ മാത്രം അറിയുന്നവരെ ജർമനി ഭാഷയിലേക്ക് കൊണ്ടു വരിക.

മറ്റു രണ്ട് സ്ത്രീകളും തങ്ങൾക്ക് പേരിടാൻ ഹുദൂറിനോട് അപേക്ഷിച്ചു. മാരിയ, ആലിയ എന്നീ നാമങ്ങൾ ഹുദൂർ അവർക്കുവേണ്ടി നിർദേശിച്ചു.

**ഒരു സ്ത്രീ ഹുദൂറിന് നന്ദി പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു:**നമസ്കാരവും ദുആകളും പഠിക്കുന്നു. ദുആകൾ വളരെ നീണ്ടതാണ്. എന്നാലും പഠിക്കുന്നു. ഓർത്തു വെച്ച് പഠിക്കാൻ സാധിക്കുന്ന ചെറിയ ദുആ പറഞ്ഞു തന്നാലും.

**ഹുദൂർഅൻവർ:**എല്ലാം നല്ലതാണ്. ഇഖ്‌ലാസ് എന്ന അധ്യായം കാണാതെ പഠിച്ചോളൂ.

ഈ മീറ്റിംഗ് 08.00 മണിക്ക് അവസാനിച്ചു.

**നവഅഹ്മദി പുരുഷന്മാർ ഹുദൂറിനെ കാണുന്നു**

08.00 മണിക്ക് നവഅഹ്മദി പുരുഷന്മാർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

ഒരു അറബ് സ്നേഹിതനോട് **ഹുദൂർഅൻവർ**: താങ്കളെന്ത് കണ്ടിട്ടാണ് ബയ്അത്ത് ചെയ്തത്?

**അറബ് സ്നേഹിതൻ:** ഞാൻ അഹ്മദിയ്യത്തിൽ യഥാർഥ ഇസ്‌ലാം ദർശിച്ചു.യഥാർഥ ഖിലാഫത്തു കണ്ടു. ഞാനൊരു സ്വപ്നവും കണ്ടു. ഒരു ചുവരിൽ വലിയ അക്ഷരങ്ങളിൽ അഹ്മദിയ്യത്ത് എന്നെഴുതി ക്കണ്ടു. ആ പദത്തിൽനിന്നു പ്രകാശം പരക്കുന്നു. ഈ സ്വപ്നം മുഖേനയും എനിക്ക് വളരെ ശാന്തി കിട്ടി. തുടർന്ന് ഞാൻ ബയ്അത്ത് ചെയ്തു.

മറ്റൊരു അറബ് അതിഥി:ഇവിടെ വരുന്നതിനുമുമ്പേ ഹുദൂറിനെ വളരെ അടുത്ത് കാണണമെന്നത് എന്റെ ആഗ്രഹമായിരുന്നു. ജർമനി അതിഥികളെ ഹുദൂർ അഭിസംബോധന ചെയ്യുമ്പോൾ ഞാൻ തൊട്ടടുത്ത ഭാഗത്തുണ്ടായിരുന്നു. ഹുദൂറിനെ വളരെ സമീപത്ത് എനിക്ക് കാണാൻ സാധിച്ചു. അല്ലാഹു ഇങ്ങനെ എന്റെ ആഗ്രഹം പൂർത്തിയാക്കിത്തന്നു. ഇന്നിപ്പോൾ ഞാൻ ഹുദൂറിന്റെ മുമ്പിലിരിക്കുന്നു. തൊട്ടടുത്താണ്.

**ജർമനിയിൽ താമസിക്കുന്ന ഒരു സിറിയൻ അഹ്മദി**:ജൽസയിലെ എല്ലാ അന്തരീക്ഷവും സാഹോദര്യബോധം സൃഷ്ടിക്കുന്നതായിരുന്നു. അഹ്മദീ മിത്രങ്ങളുടെ ശ്ലാഘനീയമായ സൽഗുണങ്ങൾ കണ്ട് ഹൃദയത്തിൽ സംതൃപ്തി വർധിച്ചു. ഈ ജൽസ എന്നെ വളരെ ആകർഷിച്ചു.

**ഒരു സിറിയൻ നവഅഹ്മദി:** ജർമനിയിൽ നടന്ന അറബ് അഹ്മദികളുമായുള്ള മീറ്റിംഗിൽ ഞാനും പങ്കെടുത്തു. ചോദ്യോത്തരങ്ങൾ നടന്നിരുന്നു. പൂർണമായ തൃപ്തി കൈവന്നതിനുശേഷം ഞാൻ ബയ്അത്ത് ചെയ്തു.

കാമറൂണിൽനിന്നു വന്ന ഒരു അറബ് സ്നേഹിതൻ പറയുന്നു:2007-ലാണ് എനിക്ക് ജമാഅത്തുമായി ബന്ധമുണ്ടായത്. ജമാഅത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ നേടി. 2011-ൽ നൈജീരിയയിൽവച്ച് ഞാൻ ബയ്അത്ത് ചെയ്തു. അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ കുടുംബത്തിൽനിന്ന് ശക്തമായ എതിർപ്പുണ്ടായി. വീടുപേക്ഷിക്കാൻ ഞാൻ തീരുമാനിച്ചു. തുടർന്ന് നൈജീരിയയിൽ വരികയും അവിടെ നിന്നും മൊറോക്കോയിലേക്ക് പോകുകയും ചെയ്തു. സ്പെയിനിൽ പോയി. എന്റെ ദാരിദ്ര്യവും വിവരക്കുറവും കാരണത്താലും വിശപ്പ് കാരണത്താൽ നിരോധിതമായ പല സാധനങ്ങളും എനിക്ക് കഴിക്കേണ്ടി വന്നു. ഇപ്പോൾ ഞാൻ ബെൽജിയമിലാണ്. ജമാഅത്തുമായി കൃത്യമായ ബന്ധമുണ്ട്. ആദ്യമായാണ് ജൽസയിൽ വരുന്നത്. ഇവിടുത്തെ സംവിധാനത്തിൽ വളരെ ആകൃഷ്ടനാണ്.

**ഈ വേദിയിലുണ്ടായിരുന്ന ഒരു ജർമൻ നവ അഹമദി പാട്രിക്ക് ഗീൽഹാർ**: ഇന്ന് ബയ്അത്ത് ചെയ്യാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ജർമൻ അഹ്മദികൾക്ക് ഹുദൂർ നല്കിയ പ്രഭാഷണമാണ് ഇതിലേക്ക് നയിച്ചത്. ഖിലാഫത്ത് മുഖേന അഹ്മദിയ്യാ ജമാഅത്തിൽ എനിക്ക് സത്യസന്ധമായ സ്നേഹം ദർശിക്കാന് സാധിക്കുന്നു. എന്റെ ഹൃത്തിടം സ്നേഹത്താലും പ്രകാശത്താലും നിർഭരമാണ്. എനിക്ക് ഈ സമയത്ത് ഹുദൂറിന്റെ നെറ്റിത്തടത്തിൽ പ്രകാശം ദർശിക്കാന് സാധിക്കുന്നു. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവുമായി ഞാൻ പുറത്തിറങ്ങാൻ പോവുകയാണ്. ശേഷിക്കുന്ന ജനതയിലേക്കും ഈ സന്ദേശമെത്തിക്കും. ഈ സമയത്ത് ഇവിടെനിന്നു ലഭിച്ച സ്നേഹത്തിൽ ഞാൻ പ്രഭാവിതനാണ്. പുറത്ത് പൂർണ ശ്രമത്തിലൂടെ ഇതരരിലേക്ക്

## എന്താണ് നമസ്ക്കാരം?

**ഹദ്റത്ത് മസീഹ് മൗ ഊദ് (അ)**

എന്താണ് നമസ്കാരം? തന്റെ നിസ്സഹായതകളെയും ദൗർബല്യങ്ങളെയും അല്ലാഹുവിനു മുൻപിൽ സമർപ്പിക്കലാണത്. നമസ്കാരം ഓരോ മുസ്ലിമിനും നിർബന്ധമാണ്. ഒരു സമൂഹം നബി (സ) തിരുമേനിയുടെ അടുക്കൽ വന്ന് ഇസ്ലാം സ്വീകരിച്ചതായി ഹദീസിൽ വന്നിരിക്കുന്നു. 'അല്ലാഹു വിന്റെ ദൂതരേ, ഞങ്ങൾ കച്ചവടക്കാരായ ആളുകളാണ്. കന്നുകാലികളും മറ്റും കാരണം ഞങ്ങളുടെ വസ്ത്രങ്ങൾ വൃത്തിയുള്ള താണോ എന്ന കാര്യം സംശയകരമാണ്. ഞങ്ങൾക്ക് സമയവും കിട്ടാറില്ല. അതുകൊണ്ട് ഞങ്ങൾക്ക് നമസ്കാരം മാപ്പാക്കി തന്നാലും' എന്നവർ നബി തിരുമേനിയോട് അപേക്ഷിച്ചു. അവിടുന്ന് ഇതിനു മറുപടി നല്കിയത് ഇങ്ങനെയാണ്: 'നോക്കൂ, നമസ്ക്കാരമില്ലെങ്കിൽ പിന്നെന്താണ് ബാക്കി യുള്ളത്? നമസ്ക്കാരമില്ലാത്ത മതം, മതമാകുന്നില്ല. നമസ്ക്കാരം എന്നാൽ എന്താണ്? തങ്ങളുടെ നിസ്സഹായതകളെയും ദൗർബല്യങ്ങളെയും ദൈവ സമക്ഷം സമർപ്പിക്കലും അവൻ തന്നെ തന്റെ ആവശ്യങ്ങൾ നിവർത്തി ക്കണമെന്ന് ആഗ്രഹിക്കലുമാണത്; ചിലപ്പോൾ അവന്റെ മഹത്ത്വത്തിനും കല്പന നിർവഹണത്തിനും വേണ്ടി നിരന്നു നില്ക്കുക; ചിലപ്പോൾ അങ്ങേയറ്റം വിനയത്തോടും താഴ്മയോടും അവന്റെ മുൻപിൽ സാഷ്ടാംഗം വീഴുക; അവനോട് തന്നെ ആവശ്യങ്ങൾ തേടുക - ഇതു തന്നെയാണ് സമസ്ക്കാരം. നീ ഇന്നയിന്ന ഗുണങ്ങളുള്ളവനാണെന്ന്ഒരു യാചകനെപ്പോലെ ചിലപ്പോൾ പ്രകീർത്തിക്കുക; അവന്റെ മഹത്ത്വത്തെയും പ്രതാപത്തെയും പ്രകടിപ്പിച്ചു കൊണ്ട് അവന്റെ കാരുണ്യത്തെ ആകർഷിക്കുമാറ് അവനോട് തേടുക - ഇതില്ലാത്ത മതം, മതമാകുമോ?' അവനോട് അവന്റെ തൃപ്തിയുടെ മാർഗങ്ങൾ തേടിക്കൊണ്ടിരിക്കാനും അവന്റെ അനുഗ്രഹങ്ങളെ അവനിൽ നിന്നു തന്നെ ആഗ്രഹിക്കാനും മനുഷ്യൻ സദാ വിധേയനാണ്. എന്തെന്നാൽ അവനിൽ നിന്നു ലഭിച്ച സൗഭാഗ്യം കൊണ്ടേ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. ദൈവമേ, ഞങ്ങൾ നിന്റെതായി തീരുന്നതിനും നിന്റെ തൃപ്തിയിൽ ചരിച്ചു കൊണ്ട് നിന്നെ സംതൃപ്തനാക്കാനുമുള്ള സൗഭാഗ്യം ഞങ്ങൾക്കേ കേണമേ! ദൈവസ്നേഹം, ദൈവഭയം, ദൈവ സ്മരണ ഇവ മനസ്സിൽ നിലനില്ക്കുന്നതിന്റെ പേരാണ് നമസ്ക്കാരം. ഇതു തന്നെയാണ് ദീനും.

(മൽഫൂസാത്ത് വാള്യം 3. പേ.188)

തർജമ: ആരിഫ് മുഹമ്മദ്, കോഴിക്കോട്.

**• കലാമുൽ ഇമാം: •**

**ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.(മൽഫൂദാത്ത് വാള്യം.1 പേ.64)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം: •**

**നബി(സ)തിരുമേനിയോടുള്ള സ്നേഹം വർദ്ധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്ക്കാരത്തിലും സ്വലാത്തു ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ(മൽഫൂദാത്ത് വാള്യം.3. പേ.38)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 13 July 2023 Issue-28

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ഈ സന്ദേശമെത്തിക്കാന് ഞാനാഗ്രഹിക്കുന്നു.

**സ്പെയിനിൽനിന്നു വന്ന ഒരു അറബ് സ്നേഹിതൻ**: സ്പെയിനിൽ അറബ് അഹ്മദികളുടെ എണ്ണം വളരെ പരിമിതമാണ്. ഞങ്ങളുടെ എണ്ണം വർധിക്കാന് ഹുദൂറിനോട് ദുആക്കപേക്ഷിക്കുന്നു.

**ഹുദൂർഅൻവർ**:നിങ്ങൾ ജമാഅത്തിനെ പഠിപ്പിക്കണം. സന്ദേശം എത്തിക്കുക. അഹ്മദിയ്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കുക. വിവാഹങ്ങൾ കഴിച്ച് എണ്ണം വർധിപ്പിക്കുക. അല്ലെങ്കില് മറ്റു രീതിയിൽ പ്രവർത്തിക്കുക. ഉന്നതനായ അല്ലാഹു നിങ്ങളുടെ പ്രോഗ്രാമിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. വിജയം നല്കുമാറാകട്ടെ.

**ഒരു ജർമൻ നവ അഹ്മദി:** ലോകത്തിലെ വിവിധ രാഷ്ട്ര തലവന്മാർക്ക് ഹുദൂർ അയച്ച കത്തുകളിൽ നീതിയിൽനിലനിന്നുകൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിലേക്ക് മടങ്ങി വരാൻ ആഹ്വാനം ചെയ്തിരുന്നല്ലോ. ആരെങ്കിലും ഈ കത്തുകൾക്ക് മറുപടി നല്കിയോ?

**ഹുദൂർഅൻവർ:**കാനഡ, യുകെ പ്രധാനമന്ത്രിമാർ മറുപടി അയച്ചിരുന്നു. അമേരിക്കയും മറ്റു ചില രാജ്യങ്ങളിൽനിന്നും ശ്രമങ്ങൾ നടത്തുന്നു എന്ന മറുപടി ലഭിച്ചു.(തുടരും)

## നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**(പേജ് 1ൽനിന്ന്)**

ക്കുകയായിരുന്നു. സൂറ സുമർ ആയത്ത് 4-ൽ പറഞ്ഞതുപോലെ, മാ നഅ്ബുദുഹും ഇല്ലാ ലിയുഖർരിബൂനാ ഇലല്ലാഹി സുൽഫാ ഞങ്ങളെ അല്ലാഹുവിലേക്ക് നല്ലവണ്ണം അടുപ്പിക്കാൻ വേണ്ടിയല്ലാതെ ഞങ്ങൾ ബിംബങ്ങളെ ആരാധിക്കുന്നില്ല. ഇവിടെ അവരുടെ വാദങ്ങളെ അവരുടെ ശിർക്കിന്റെ നിഷേധത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. അതായത് അർശുടയവൻവരെ എത്തുകയും അർശുടയവന്റെ സമീപസ്ഥരുമായി ബന്ധം സ്ഥാപിക്കുകയും ചെയ്താൽപ്പിന്നെ അല്ലാഹുവിന്റെ സമീപസ്ഥരുമാകണമായിരുന്നു. എന്നാൽ, അതിന്റെ ലക്ഷണങ്ങളൊന്നും അവരിൽ കാണുന്നില്ല. വിശുദ്ധ ഖുർആനിൽനിന്ന് ദൈവസാമീപ്യത്തി ന്റെ താഴെ പറയുന്ന ലക്ഷണങ്ങളാണ് അറിയാൻ കഴിയുന്നത്.

ഒന്നാമതായി ദുആയുടെ സ്വീകാര്യത: വഇദാ സഅലക്ക ഇബാദീ അന്നീ ഫ ഇന്നീ ഖരീബുൻ ഉജീബു ദഅ്വത്തദ്ദായി ഇദാ ദആൻ. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം(പറയുക)ഞാൻ നിശ്ചമായും സമീപസ്ഥനാകുന്നു. ഞാൻ അടുത്തുണ്ടെന്നതിന്റെ ലക്ഷണം പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാനുത്തരം നല്കുമെന്നതാണ്. ഇതു എങ്ങനെയുള്ള അടയാളമാണെന്നാൽ മുശ്രിക്കും അവന്റെ ആരോഗ്യത്തെ നിഷേധിക്കുകയില്ല. എന്നാൽ, ഈ അടയാളം ഒരു മുശ്രിക്കിലും കാണാൻ കഴിയുന്നില്ല. മുശ്രിക്കീങ്ങളിൽപ്പെട്ട ആർക്കും തങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നു എന്ന വാദമില്ല. ഇന്നുവരെ ലോകത്ത് തനിക്ക് ഈ ബിംബങ്ങൾ മുഖേന ദൈവത്തെ കിട്ടി എന്ന് ആരും വാദിച്ചിട്ടില്ല. അവൻ തന്റെ ദുആ കേൾക്കുന്നുവെന്നും സ്വീകരിക്കുന്നുവെന്നും ലോകം തന്റെ ദുആ സ്വീകാരത്തിന്റെ അടയാളം കണ്ടുവെന്നുമുള്ള വാദവുമില്ല.

ദൈവസാമീപ്യത്തിന്റെ രണ്ടാമത്തെ നില വാഖിഅ എന്ന അധ്യായത്തിലുള്ളതാണ്. ലായസ്മഊന ഫീഹാ ലഗ്‌വൻ വ്ലാ തഅ്ഥീമാ ഇല്ലാ ഖീലൻ സലാമൻ സലാമാ( അവർ വ്യർഥ സംസാരമോ കുറ്റാരോപണമോ അവിടെ കേൾക്കുകയില്ല. സമാധാനം സമാധാനം എന്ന(അഭിവാദ്യ)വചനമല്ലാതെ.(56:26-27). അതായത് സാമീപ്യത്തിന്റെ സ്ഥാനമെന്നു പറയുന്നത് അതിൽ അനാവശ്യവും പാപവുമായിട്ടുള്ള ഒരു കാര്യവും ഉണ്ടാകുകയില്ല. ആളുകൾ പരസ്പരം ദ്രോഹങ്ങളിൽനിന്നും സുരക്ഷിതരായിത്തീരുന്നു. എല്ലാ ഓരോരുത്തരും പരസ്പരം സമാധാനം തേടുന്നു. അല്ലാഹുവിൽനിന്നും അവർക്ക് സമാധാനം ലഭിക്കുന്നു. ഒരു അന്യാരാധകനും ഈ നിലവാരത്തേയും നിഷേധിക്കാൻ കഴിയുകയില്ല. അല്ലാഹുവിന്റെ സമീപസ്ഥനായിരിക്കുന്നവൻ അനാവശ്യകാര്യങ്ങളിൽനിന്നും പാപങ്ങളിൽനന്നും രക്ഷപ്പെടുമെന്നത് പ്രകടമാണ്. ദൈവദാസനായിക്കൊണ്ട് മറ്റുദൈവദാസരുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. കുഴപ്പങ്ങളൊന്നും ചെയ്യുകയുമില്ല.

ഈ ലക്ഷണങ്ങളും ഒരു മുശ്രിക്കിലുമുണ്ടാകുകയില്ല. അനാവശ്യകാര്യങ്ങളിൽനിന്ന് സുരക്ഷിതനാകുക എന്നതാണ് ആദ്യത്തെ കാര്യം. മുശ്രിക്കുകളിൽ ഇക്കാര്യം എവിടെന്നുണ്ടാകാനാണ്. അവർ അന്യാരാധന കാരണത്താൽ പരിഹാസ്യമായ കാര്യങ്ങളാണ് പറയുക. അവൻ നന്മയില്ലാത്തതും നിഷ്ഫലവുമായ വസ്തുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുന്നു. അതിനെ മഹത്ത്വവൽക്കരിക്കുന്നു. എത്രത്തോളമെന്നാൽ ബുദ്ധിമാന്മാർ അവരുടെ പ്രവർത്തികൾകണ്ട് അത്ഭുതപ്പെട്ടുപോകുന്നു. പശുവിന്റെ പവത്രതയെ കുറിച്ച് ഭാരതത്തിൽ ബഹളമാണ്. ബുദ്ധിമാനായ ആരാണ് അതിനെ അനിവദനീയമാക്കുക. പശുആരാധകൻ അതിന്റെ പാല് അതിന്റെ കുട്ടിയിൽനിന്ന് വിടുവിക്കുന്നു. അവൻ സ്വയം ധാന്യങ്ങൾ തിന്നുന്നു. അതിന് പുല്ല് കൊടുക്കുന്നു. അതിനെ കെട്ടിയിടുന്നു. ഭാരങ്ങൾ ഏറ്റിക്കുന്നു. യാത്രാവാഹനത്തിന്റെ ജോലിയും ചെയ്യിക്കുന്നു. അടിക്കുകയും പീഢിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് ഫലിതമതല്ല, ഒരു ബലഹീനനായ മനുഷ്യനെ ദൈവമാക്കി എന്നു പറഞ്ഞ് ഹിന്ദു ക്രിസ്ത്യാനിയെ പരിഹസിക്കുന്നു. അബലയായ ഒരു മൃഗത്തെ ദേവിയായി മനസ്സിലാക്കുന്നുവെന്ന് പറഞ്ഞ് ഇവർ അവരേയും പരിഹസിക്കുന്നു. ഈ അനാവശ്യകാര്യങ്ങൾ കണ്ടിട്ട് ഒരു ഏകദൈവവിശ്വാസി നിഷ്കളങ്കതയോടെ ചൊല്ലുന്നു, ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്!

പാപത്തിൽനിന്ന് രക്ഷപ്പെടുന്ന രണ്ടാമത്തെ അടയാളം മുശ്രിക്കിന് ശിർക്ക് ചെയ്തുകൊണ്ട് പാപത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയുകയില്ലെന്നതാണ്. മുശ്രിക്കീങ്ങളിലും നല്ലവരുണ്ടെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ അവരുടെ നന്മ ശിർക്കു കാരണത്താലല്ല, പ്രത്യുത ശിർക്ക് നിലനില്ക്കെയാണ്. അത്തരക്കാരുടെ സ്വഭാവം നല്ലതായിരിക്കും. ശിർക്ക് അവരുടെ ഉള്ളിൽ വേരുപിടിക്കുകയില്ല. ഉദാഹരണത്തിന് പശുവിനെത്തന്നെ എടുക്കുക. പശുവിനെ ആരാധിക്കുന്നവർ അതിനെ പലവിധത്തിലും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു. അവരതിന് നിർബന്ധിതരാണ്. കാരണം പശുവിനെ അല്ലാഹു മനുഷ്യന്റെ ജോലിക്കായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അതിനെകൊണ്ടു ജോലി ചെയ്യിക്കുകയല്ലാതെ അവർക്ക് നിർവാഹമില്ല. അതിന്റെ ഫലമായി അവർ പശുവിനെക്കൊണ്ട് പണിയെടുപ്പിക്കുകയും ചെയ്യുന്നു. അതിനോടൊപ്പം മനസ്സിൽ പാപത്തിന്റെ ബോധം വർധിച്ചുകൊണ്ടു പോകുകയും അത് അശുദ്ധമായിത്തീരുകയും ചെയ്യുന്നു. നോക്കൂ! മുശ്രിക്ക്ഹിന്ദു വിജയദശമിയും ആഘോഷിക്കുന്നു. പിന്നീട് രാവണൻ ബ്രാഹ്മണനും രാമൻ ഖത്രീയുമായിരുന്നുവെന്ന വിചാരത്താൽ ദസ്ര ആഘോഷിച്ച് ബ്രാഹ്മണന്റെ മാനഹാനി അകലുന്നതിന് ഒരു ദിവസം തൗബ അഥവാ പശ്ചാത്താപത്തിന്റേതായി വെക്കുന്നു. ക്രിസ്ത്യാനികളുടെ അവസ്ഥയും ഇതുതന്നെയാണ്. മസീഹിനെ ഒരു ഭാഗത്ത് ദൈവമാക്കുന്നു. മറുഭാഗത്ത് തങ്ങളുടെ പാപം ഏറ്റിക്കുന്നു. ബഹുദൈവവിശ്വാസം അവർക്ക് എല്ലാ തിന്മയുടേയും വഴികൾ തുറക്കുന്നു. കാരണം യജമാനൻ(ഖുദാവിന്ദ് മസീഹ്)തങ്ങളുടെ പാപം പേറിയിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു.(തഫ്സീറെ കബീർ, വാള്യം 4, പേജ് 340, പ്രസാധനം 2010 ഖാദിയാൻ




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin